# FINAL REPORT

# On

# MINOR RESEARCH PROJECT ENTITLED

**“BENYAMIN NOVALUKALILE KALIKA PRASAKTHI ”**

**SUBMITTED**

**TO**

**UNIVERSITY GRANTS COMMISSION**

**SOUTH WESTERN REGIONAL OFFICE**

**BANGALORE**


**BY**

**REKHA A. G.**

**DEPARTMENT OF MALAYALAM**

**ST.XAVIER’S COLLEGE VAIKOM**

**KOTTAYAM, KERALA-686607**

**DECLARATION**

**I REKHA. A.G, do here by declare that this project entitled "BENYAMIN NOVALUKALILE KALIKA PRASAKTHI" has been undertaken by me as the Minor Project from UGC, I also declare that this is genuine work and has not been submitted by me for the award of any degree, diploma title or recognition before**

**Vaikom**

**21/03/2019** **REKHA.A.G**

## ACKNOWLEDGEMENT

I wishes to place on record my deep sense of gratitude and sincere thanks to all those who have directly or indirectly helped in designing and completing this study

I am thankful to Principal, St.Xavier's College, Vaikom for providing all the facilities and assistance to make this endeavour a success.

I express my whole hearted gratitude to all the Faculty Members and Non - Teaching Staff of St.Xavier's College, Vaikom who helped and supported me in the every way they could.

I extends heartfelt thanks to my friends, relatives and all well wishers who helped me to make this study a success. Last, but not the least, I reveal gratitude in my parents and family members who have supported me.

**Above all, I humbly solicits Almighty blessings for the strength and presence of mind showered upon me for completing the work successfully.**

**REKHA. A.G**

ഉള്ളടക്കം

ആമുഖം 4

അദ്ധ്യായം : ഒന്ന്

7 പ്രവാസജീവിത വീക്ഷണം -- ബെന്യാമിൻ നോവലിൽ

1.1 ബെന്യാമിൻ 7

1.2 പ്രവാസം 10

1.3 അനുഭവമേഖലയിൽ നിന്ന്. 21

അദ്ധ്യായം : രണ്ട് 30

കാലപ്രവാഹം - ബെന്യാമിൻ നോവലുകളിൽ

2.1 അൽ അറേബ്യൻ നോവൽ ഫാക്ടറി 31

2.2 മുല്ലപ്പൂ നിറമുള്ള പകലുകൾ 34

2.3 മഞ്ഞവെയിൽ മരണങ്ങൾ 38

2.4 അക്കപ്പോരിന്റെ ഇരുപത് നസ്രാണി വർഷങ്ങൾ 42

2.5 അബീശഗീൻ 44

അദ്ധ്യായം : മൂന്ന് 47

വർത്തമാന കാല പ്രസക്തി - ബെന്യാമിൻ നോവലുകളിൽ

ഉപസംഹാരം 56

ഗ്രന്ഥസൂചി 59

## ആമുഖം

എല്ലാ ജീവിതദുരന്തങ്ങൾക്ക് കീഴിലും തളർന്നുപോകാതെ മനുഷ്യൻ സ്വാംശീകരിക്കുന്ന പ്രസാദാത്മകതയുടെ ചൈതന്യമാണ് ഒരോ നോവലുകളുടെയും മുഖമുദ്ര. ഏതൊരു മനുഷ്യനും അവനുൾക്കൊള്ളുന്ന കാലഘട്ടത്തിന്റെ സാംസ്കാരിക

പരിസ്ഥിതിയോടും ധർമ്മവ്യവസ്ഥയോടും ഗാഢമായി ബന്ധപ്പെട്ടിരിക്കുന്നു. ഈ ധർമ്മവ്യവസ്ഥയുടെ വിവൃതവും ഏറെക്കുറെ ബാഹ്യവുമായ ധാർമ്മികോത്ബോധനത്തിന്റെ പ്രത്യക്ഷവും പരോക്ഷവുമായ ചിത്രങ്ങൾ കൊണ്ട് സമ്പന്നമാണ് ബെന്യാമിന്റെ നോവലുകൾ. വർത്തമാനകാല വായന ശുഷ്ക്കിച്ചു പോയി എന്നു വിലപിക്കുമ്പോൾ അതിനെ തിരുത്തിക്കുറിച്ച് തന്റേതായ സാന്നിദ്ധ്യമറിയിച്ച നോവലിസ്റ്റാണ് ബെന്യാമിൻ.

" ബെന്യാമിൻ നോവലുകളിലെ കാലിക പ്രസക്തി " എന്ന ഈ പ്രബന്ധം അദ്ദേഹത്തിന്റെ ഏതാനും നോവലുകളെ മുൻ നിർത്തിയുള്ള ഒരന്വേഷണമാണ്. ചരിത്രത്തോടും രാഷ്ട്രീയത്തോടുമുള്ള വിമർശനാത്മക സമീപനവും, പുതിയ സാങ്കേതിക സംസ്ക്കാരത്തോടുള്ള അഭിമുഖീകരണവും, വ്യത്യസ്തമായ സങ്കല്പങ്ങളേയും ഭാഷയേയും എഴുത്തിനെയുംക്കുറിച്ചുള്ള പുതിയ കാഴ്ച്ചപ്പാടുകളുമാണ് പഠനത്തിനു വിധേയമാക്കുന്നത്. ഈ പ്രബന്ധം മൂന്ന് അദ്ധ്യായങ്ങളായിട്ടാണ് തിരിച്ചിരിക്കുന്നത്.

‘ പ്രവാസ ജീവിത വീക്ഷണം -- ബെന്യാമിൻ നോവലിൽ ’ എന്ന ഒന്നാം അദ്ധ്യായത്തിൽ ബെന്യാമിന്റെ ആടുജീവിതത്തെയാണ് വിശദ പഠനത്തിനായ് എടുത്തിരിക്കുന്നത്. ഉത്തരാധുനിക സാഹിത്യത്തിന്റെ സംഭാവനയായ പ്രവാസ സാഹിത്യപ്രസ്ഥാനത്തെക്കുറിച്ചും പ്രവാസജീവിതാനുഭവത്തെക്കറിച്ചും അനുവാചകർക്ക് ഏകദേശ ധാരണ ലഭിക്കുവാൻ ഈ അദ്ധ്യായത്തിൽ നിന്നും സാധിക്കുന്നതാണ് .

ബെന്യാമിൻ നോവലുകളിലെ ആഖ്യാനത്തിന്റെ വ്യത്യസ്ത തലങ്ങൾ, ആഖ്യാനശൈലി, സ്ഥലകാല സങ്കല്പം, നവമാധ്യമങ്ങളുടെ കടന്നു വരവ് അറബ്ജനതയിൽ വരുത്തിയ പരിവർത്തനം, സാമൂഹിക യാഥാർത്ഥ്യത്തിന്റെ വസ്തുനിഷ്ഠ പ്രതിനിധാനം എന്നിവയാണ് ‘കാല പ്രവാഹം ബെന്യാമിൻ നോവലുകളിൽ‘ എന്ന രണ്ടാം അദ്ധ്യായത്തിൽ പ്രതിപാദിച്ചിരിക്കുന്നത്.

‘ബെന്യാമിൻ നോവലുകളിലെ കാലിക പ്രസക്തി ‘ എന്ന മൂന്നാം അദ്ധ്യായത്തിൽ മത, രാഷ്ട്രീയ , സാംസ്കാരിക, ചരിത്ര പശ്ചാത്തലത്തെ ആധാരമാക്കി രചിച്ച നോവലുകളിലെ ജീവിതവും വർത്തമാന കാല ജീവിതത്തിൽ

വരുത്തിയ സ്വാധീനങ്ങളെ അധികരിച്ചുമുള്ള ഒരന്വേഷണവുമാണ്.

മൂന്ന് അദ്ധ്യായങ്ങളിലായി വ്യക്തമാക്കാൻ ശ്രമിച്ച വസ്തുതകളെ ആസ്പദമാക്കിയുള്ള ഉപസംഹാരവും നിഗമനങ്ങളും സഹായക ഗ്രന്ഥങ്ങളുടെ സൂചികയും മൂന്നാമദ്ധ്യായത്തെ തുടർന്ന് നൽകിയിട്ടുണ്ട്.

പ്രമേയതലത്തിലും ശൈലിയിലും പുതിയ പരീക്ഷണങ്ങൾ കാഴ്ച്ചവെച്ചവരാണ് ആധുനിക നോവലിസ്റ്റുകൾ. നിലനിന്നിരുന്ന വ്യവസ്ഥകളോടും വിധി വിശ്വാസങ്ങളോടും കലഹിച്ചിരുന്ന ഇവരുടെ രചനകൾ പ്രതിഷേധത്തിന്റെയും നിരാസത്തിന്റെയും ശബ്ദമാണ് പുറപ്പെടുവിക്കുന്നത്. വ്യവസ്ഥാപിത സാമൂഹിക കുടുംബബന്ധങ്ങളുടെ ചട്ടക്കൂടുകളിൽ ഒതുങ്ങി നിൽക്കാനാകാത്ത, അസ്തിത്വ വ്യഥയുടെയും അന്യവത്കരണത്തിന്റെയും അസ്വസ്ഥതകൾ പേറുന്ന കഥാപാത്രങ്ങളാണ് ഇവരുടെ എഴുത്തിനെ ശ്രദ്ധേയമാക്കുന്നത്. കൂടാതെ അതതു കാലത്തിന്റെയും സ്ഥലത്തിന്റെയും ഭാഷയെ അടിസ്ഥാനമാക്കിയുള്ള വിഷയങ്ങളാണ് മലയാളത്തിൽ ഇവരുടെ രചനളിൽ അധികവും കണ്ടു വരുന്നത്. അത്തരം രചനകളെ മുൻനിറുത്തി മലയാളത്തിൽ

ഏറെ ശ്രദ്ധേയമായതും ചർച്ചയ്ക്ക് വിധേയമാക്കിയിട്ടുള്ളതുമായ ബെന്യാമിന്റെ കൃതികളെ ആസ്പദമാക്കിയുള്ള വിശദപഠനമാണ് ഈ പ്രബന്ധത്തിന്റെ ലക്ഷ്യം .

# അദ്ധ്യായം - ഒന്ന്

## പ്രവാസജീവിത വീക്ഷണം ----- ബെന്യാമിൻ നോവലിൽ

### 1.1 ബെന്യാമിൻ

സമകാല രാഷ്ട്രീയപ്രതിഭാസങ്ങളുടെ അന്തർമണ്ഡലങ്ങളിലൂടെ ചലിക്കുന്ന സമസ്യകളിലാണ് ബെന്യാമിന്റെ സർഗ്ഗമനസ്സ് വ്യാപരിക്കുന്നത്. ജീവിതം എന്ന യാഥാർത്ഥ്യത്തിന്റെ മധുരിമയും പാരുഷ്യവും നെഞ്ചിടിപ്പോടെയും ആത്മനൊമ്പരത്തോടുക്കൂടിയും നോക്കി കാണുന്നതിൽ വ്യത്യസ്തത പുലർത്തിയ എഴുത്തുകാരനാണദ്ദേഹം. തന്റെ നോവലുകളിലെ ആനുകാലിക പ്രസക്തി കൊണ്ട് മലയാള നോവൽ സാഹിത്യ ചരിത്രത്തിൽ ശ്രദ്ധേയനായ നോവലിസ്റ്റായിത്തീരുവാൻ അദ്ദേഹത്തിനു സാധിച്ചു. അതിനേക്കാളുപരി മലയാള സാഹിത്യത്തെ വിശ്വസാഹിത്യവുമായി ബന്ധിപ്പിക്കുന്ന സർഗ്ഗപ്രക്രിയയ്ക്ക് ആക്കംകൂട്ടിയ പ്രതിഭാശാലിയാണ് അദ്ദേഹം. ചരിത്രത്തിന്റെ ചില ഏടുകളുടെ കാണാപ്പുറങ്ങളിൽ നിന്ന് കിറുകൃത്യതയോടെ രൂപപ്പെടുത്തിയ ചരിത്രാഖ്യായികകളാൺ ബെന്യാമിന്റെ നോവലുകൾ.

ഉത്തരാധുനിക സാഹിത്യത്തിൽ വർത്തമാനകാലജീവിതത്തിലെ അഹംബോധത്തിന്റെയും, അന്തർസംഘർഷത്തിന്റെയും വൈകാരികതയെ തന്റെ കൃതികളിലൂടെ പ്രതിഫലിപ്പിക്കുവാൻ ബെന്യാമിന് സാധിച്ചു.

സ്ഥലത്തെ കാലത്തിലും, കാലത്തെ സ്ഥലത്തിലും പിന്തുടരുന്ന സർഗ്ഗാത്മക ശൈലിയാണ് അദ്ദേഹത്തിന്റേത്. ഒരു പുതിയ കാലഘട്ടത്തിന്റെ കഥപറയുമ്പോൾ, ആ കാലഘട്ടം എങ്ങനെ ജീവിക്കുന്നു എന്നതിനെ ആധാരമാക്കി മാത്രമേ ഒരു നോവലിനു നിൽക്കാൻ കഴിയുകയുള്ളു. സാമൂഹികജീവിതത്തിന്റെയും വ്യക്തിജീവിതത്തിന്റെയും വിഭിന്നമുഖങ്ങളെ അസാമാന്യപാടവത്തോടെ നിരീക്ഷിക്കുവാനും വിലയിരുത്തുവാനും ബെന്യാമിനു കഴിഞ്ഞു. മലയാള നോവലുകളുടെ ചരിത്രത്തിൽ എഴുത്തുകാരിൽ ശ്രദ്ധേയനായി നിന്നുകൊണ്ട് പ്രവാസസാഹിത്യത്തിൽ ഐതിഹാസികമാനം കൈവരിക്കുവാൻ അദ്ദേഹത്തിനു സാധിച്ചു.

. സാമൂഹികതലത്തിൽ നിന്ന് വ്യക്തികളുടെ മാനസികതലത്തിലേക്ക് ശ്രദ്ധതിരിക്കുവാൻ മലയാളത്തിലെ പ്രവാസനോവലിസ്റ്റുകൾക്ക് വഴികാട്ടിയായ ആദ്യവ്യക്തി കൂടിയാണ് അദ്ദേഹം. പ്ലോട്ടും കഥാപാത്രങ്ങളും സംഭാഷണവും പശ്ചാത്തലവും ആഖ്യാനശൈലിയും ജീവിതത്തിൽ പകർത്തുക മാത്രമല്ല അനുഭവിപ്പിക്കുകയും ചെയ്യുക എന്ന മാർഗ്ഗമാണ് നോവലിന്റെ കലയിൽ അദ്ദേഹം

സ്വീകരിച്ചത്. ജീവിതത്തെക്കുറിച്ചുള്ള ആഴത്തിലുള്ള അവബോധമാണ് അദ്ദേഹത്തിന്റെ നോവലുകളിലെ പൊരുൾ.

ബെന്യാമിന്റെ വീക്ഷണത്തിൽ ഒരു സാഹിത്യകാരനെ സമൂഹത്തോട് ശക്തമായി പ്രതികരിക്കാൻ പ്രാപ്തമാക്കുന്നത് അയാളുടെ സെൻസിബിലിറ്റിയും അദമ്യമായ മനുഷ്യപ്രയത്നവുമാണ്. മനുഷ്യസ്നേഹമായിരുന്നു അദ്ദേഹത്തിന്റെ ദർശനത്തിന്റെ മുഖമുദ്ര. എല്ലാത്തിന്റെയും കേന്ദ്രം മനുഷ്യൻ തന്നെ എന്ന വിശ്വാസം പുലർത്തിയിരുന്നതോടൊപ്പം ഗാന്ധിയൻ ഹ്യുമനിസവും അദ്ദേഹത്തെ സ്വാധീനിക്കുകയുണ്ടായി. ഉദാസീനമായി വായിക്കാൻ ഒറ്റവരിയും താൻ എഴുതിയിട്ടില്ലെന്നു പറയുമ്പോൾ സാഹിത്യകാരന്റെ ലക്ഷ്യബോധത്തിൽ ബെന്യാമിൻ ചുവടുറപ്പിക്കുന്നു. എഴുത്തുകാരൻ സാഹചര്യങ്ങളുടെയും സമൂഹത്തിന്റെയും സൃഷ്ടിയായതിനാൽ സാമൂഹ്യമാലിന്യങ്ങളും ജീവിതത്തിന്റെ കയ്പ്പും അദ്ദേഹത്തിന്റെ കൃതികളിൽ കലർന്നിരിക്കുന്നു. കൂടാതെ ചെറുപ്പക്കാരായ വായനക്കാരിൽ സംവേദനത്തിന്റെ പുതിയ അർത്ഥതലങ്ങൾ വിരചിക്കാനും കഥാപുരുഷനു കഴിഞ്ഞു.

"നോവലിസ്റ്റിന് ഒരു ലക്ഷ്യമുണ്ടാകണമെന്നും, സമകാലികലോക ജീവിതത്തിലെ നൈഷ്ഫല്ല്യത്തിന്റെ, നിരാശയുടെ, അരാജകത്വത്തിന്റെ, യാന്ത്രികതയുടെ, മനുഷ്യന്റെ ഭാവനയെ വിമുക്തമാക്കി തനിക്ക് എന്താകാൻ സാധിക്കുമെന്നതിലേക്ക് ഒരെത്തിനോട്ടമെങ്കിലും നൽകുകയാണ് അയാളുടെ കലാധർമ്മമെന്നും " അത്യാധുനിക പ്രവണതകളെ മുൻനിർത്തി കോളിൻ വിത്സൺ പ്രസ്താവിച്ചിട്ടുണ്ട്. ജനിച്ചു വളർന്ന ദേശത്തിന്റെ സാമൂഹിക സത്തയെ കൈവിടാനാവാതെ, എത്തിപ്പെട്ട ആഗോളഗ്രാമത്തിൽ അന്യാരായികഴിയുന്നതിലെ ഉള്ളുരുക്കമാണ് ബെന്യാമിൻ നോവലുകളെ ശ്രദ്ധേയമാക്കുന്നത്. ആടുജീവിതം, പ്രവാചകന്മാരുടെ പുസ്തകം, മഞ്ഞവെയിൽമരണങ്ങൾ, അബീശഗീൻ, അക്കപ്പോരിന്റെ ഇരുപത് നസ്രാണിവർഷങ്ങൾ, അൽഅറേബ്യൻ നോവൽ ഫാക്ടറി, മുല്ലപ്പൂനിറമുള്ള പകലുകൾ തുടങ്ങിയവയാണ് ബെന്യാമിന്റെ നോവലുകൾ. ഇവയിൽ എല്ലാം പൊതുവെ കാണുന്നതും എടുത്തു പറയേണ്ടതുമായ ഒരു പ്രവണത അഗാധമായ മനുഷ്യത്വത്തിന്റെ സംശ്ലേഷണമാണ്.

### 1.2 പ്രവാസം

പ്രവാസം

അന്യദേശത്തോടുള്ള ആകർഷണ ഫലമായി പുറപ്പെട്ടു പോയവന്റെ അനുഭവമാണ്. ഈ ആകർഷണത്തിന്റെയും പുറപ്പാടിന്റെയും ഫലമായുള്ള പ്രത്യേകമായ വാസം ഇവയെല്ലാം ചേർന്നൊരുക്കുന്ന മനോഭാവങ്ങളുടെ അർത്ഥവൈപുല്യങ്ങളെ ആകമാനം ഉൾക്കൊള്ളുന്ന പദമാണ്പ്രവാസം. റോബർട്ട്ബൊളാനോ 'എക്സൈൻ' എന്ന പ്രബന്ധത്തിൽ പ്രവാസത്തെ ഇങ്ങനെയാണ് നിർവ്വചിക്കുന്നത്. "പ്രവാസം അപ്രത്യക്ഷമാകലല്ല പതുക്കയോ വേഗത്തിലോ ഉള്ള ചുരുങ്ങലാണെന്നും ചുരുങ്ങിച്ചുരുങ്ങി നമ്മുടെ യഥാർത്ഥ ഉയരത്തിലെത്തുന്ന പ്രതിഭാസമാണെന്നും '' മഹാനായ ഈ എഴുത്തുകാരൻ സിദ്ധാന്തിക്കുന്നു. സ്വന്തം മണ്ണിലെ വേരറുത്ത് ജീവിത മാർഗ്ഗം തേടി പ്പോയവരുടെ അതിജീവനത്തിന്റെ തീവ്രമായ സാക്ഷ്യപ്പെടുത്തലുകളാണ് ഓരോ പ്രവാസവും. വീട് വിട്ടു പോകുന്നവരുടെ പീഢിതമായ മനസ്സാണ് പ്രവാസത്തിന്റെ സത്ത.

മനുഷ്യാനുഭവങ്ങളിലെ ഒഴിവാക്കാനാവാത്തൊരു സമസ്യയാണ് പ്രവാസം. ഏതൊരു വ്യക്തിയും ജീവിതത്തിലൊരിക്കലെങ്കിലും പ്രവാസം എന്ന മാനസികാവസ്ഥയെ അഭിമുഖീകരിക്കേണ്ടിവരും.

പ്രതിജനഭിന്നവിചിത്രമായ ജീവിതം പലരീതികളിലും വ്യാഖ്യാനിക്കപ്പെട്ടിട്ടുണ്ട്. പ്രവാസം പലതരത്തിലാണ്. ഇരതേടി പ്രവാസിക്കുന്നവർ, രാഷ്ട്രീയകാരണങ്ങളാൽ പ്രവാസിക്കുന്നവർ, പ്രകൃതികോപങ്ങൾ, യുദ്ധങ്ങൾ, മെച്ചമേറിയ മേച്ചിൽപ്പുറങ്ങൾ, കാലാവസ്ഥ, പ്രണയം എന്നിങ്ങനെ ധാരാളം ഭേദങ്ങൾ. ആദവും ഹവ്വയുമാണ് ആദ്യകാല പ്രവാസികൾ എന്നു അനുമാനിക്കാം. ആദമിന്റേയും ഹവ്വയുടേയും പ്രവാസത്തെ രാഷ്ട്രീയ പ്രവാസമെന്നു വിവക്ഷിക്കാം. കാരണം അധീശശക്തികളുടെ ആജ്ഞകൾ തെറ്റിച്ചതു കൊണ്ടാണ് അവർ പ്രവാസികളായത്. അതിനുശേഷമുള്ള മനുഷ്യവംശചരിത്രം പ്രവാസങ്ങളുടെചരിത്രമാണ്. ഈ ഭൂലോകം മുഴുവനും പരന്നുകിടക്കുന്നതിന്റെ അല്ലെങ്കിൽ എത്തപ്പെട്ടതിന്റെ ചരിത്രമാണത്.

ഭാഷകളും സംസ്ക്കാരങ്ങളും മതങ്ങളും ആചാരവിശേഷങ്ങളും അതിർത്തികളും ആശയങ്ങളും ഉണ്ടായതിന്റെ ചരിത്രം. വൻകരകളിൽനിന്നും വൻകരകളിലേക്കുള്ള മനുഷ്യവംശത്തിന്റെ കൂട്ടപ്പാലായനത്തിന് സൈദ്ധാന്തികവും ചരിത്രപരമായ വിശദീകരണം വിശുദ്ധഗ്രന്ഥങ്ങളിൽ തന്നെ കാണാം.

ഇൻഫർമേഷൻ ടെക്നോളജിയുടെ കുതിപ്പിനു മുൻപ് പ്രവാസികളുടെ ജീവിതരീതിയും, നാടിനോടുള്ള കാഴ്ചപ്പാടും വളരെ വ്യത്യസ്തമായിരുന്നു. മഹായുദ്ധങ്ങളും സ്വാതന്ത്ര്യസമര മുന്നേറ്റങ്ങളും ലോകമെമ്പാടും അരങ്ങേറി വിവിധദേശരാഷ്ട്ര സംസ്കൃതികൾ രൂപപ്പെട്ടപ്പോൾ പ്രവാസികൾ പൂർണ്ണമായി അസ്പൃശ്യരും അദൃശ്യരുമായി തുടരുകയായിരുന്നു. ഇതു ഇരുപതാംനൂറ്റാണ്ടിലെ ഏറ്റവും മികച്ച പ്രവാസി എഴുത്തുകാരെ സൃഷ്ടിക്കാൻ കെൽപ്പുള്ള സ്വത്വാന്വേഷണങ്ങൾ ആരംഭിക്കുകയും ചെയ്തു. സ്പിനോസയിൽ നിന്ന് തുടക്കമിട്ട ലിഖിതപ്രവാസതത്വചിന്ത ഹെഗൽ ഇമ്മാനുവൽ കാന്റെ, മാർക്കേസ്, ഹെർമൻ ഹെസ്സെ, കാഫ്ക, മിലൻ കുന്ദേര, ദലൈലാമ, സൽമാൻ റുഷ്ദി, തസ്ലീമ നസ്രിൻ, എം.എഫ്.ഹുസൈൻ തുടങ്ങിയവരിലേക്ക് ചെന്നെത്തിയിരിക്കുകയാണ്.

### 1.2.1 പ്രവാസത്തിന്റെ ലക്ഷ്യങ്ങൾ

പ്രവാസത്തിന് പ്രധാനമായും മൂന്ന് ലക്ഷ്യങ്ങളാണുള്ളത്. അഭയം, അന്നം, മെച്ചപ്പെട്ട മേച്ചിൽപ്പുറങ്ങൾ. ഒന്നാമത്തെ കൂട്ടർക്ക് അതൊരു അത്യാവശ്യവും, രണ്ടാമത്തെ കൂട്ടർക്ക് അതൊരു ആവശ്യവും, മൂന്നാമത്തെ കൂട്ടർക്ക് അതൊരു

അലങ്കാരവുമാണ്. അഭയം തേടുക എന്നുപറയുമ്പോൾ, ഒരു കാലത്ത് യൂറോപ്പിലെ പ്രബലരാജ്യങ്ങൾ ലോകമെമ്പാടും വെട്ടിപ്പിടിച്ച് മേധാവിത്വം സ്ഥാപിച്ചു. വെട്ടിപ്പിടിച്ച രാജ്യങ്ങളിലൊക്കെ അവിടത്തെ ജനങ്ങളെ കുടിയേറ്റക്കാരായി പ്രതിഷ്ഠിച്ചു. യുദ്ധം ഒരു പരിധിവരെയും സാമ്രാജ്യത്വപരമായ അഭയത്തിനുവേണ്ടിയുള്ള പ്രവാസികളെ സൃഷ്ടിക്കുകയായിരുന്നു. കൂടാതെ പ്രകൃതിക്ഷോഭം, കാലാവസ്ഥ വ്യതിയാനം, രാഷ്ട്രീയ ഞെരുക്കം, വംശീയ സംഘർഷം തുടങ്ങിയ പല കാരണങ്ങളുമുണ്ട്.

അന്നം തേടുന്ന തൊഴിൽ പ്രവാസങ്ങൾ താൽക്കാലികമോ സ്ഥിരമായോ ആണ് തൊഴിൽ ലഭിക്കുന്ന പ്രദേശങ്ങളിലേക്ക് കടന്നു ചെല്ലുന്നത്. തൊഴിൽ ലഭിക്കുന്ന പ്രദേശങ്ങളിലേയ്ക്ക് കടന്നു ചെല്ലുന്ന ഇവരെ അദ്ധ്വാനാധിഷ്ഠിതമായ പ്രവാസം എന്ന വിഭാഗത്തിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ബ്രിട്ടന്റെ കോളനിവത്ക്കരണകാലത്ത് വ്യാപകമായി ഇന്ത്യൻ അദ്ധ്വാനം കയറ്റുമതി ചെയ്യപ്പെട്ടു. സൌത്ത് ആഫ്രിക്കയിലും ഇതര കോമൺവെൽത്ത് രാജ്യങ്ങളിലേക്കും യുദ്ധാവശ്യങ്ങൾക്കായി ഇന്ത്യൻ ജനതയെ ഉപയോഗപ്പെടുത്തി. അതുപോലെ തന്നെ വർത്തമാന കേരളത്തിൽ ധാരാളം ജനങ്ങൾ അന്നത്തിനുവേണ്ടി

അദ്ധ്യാനാധിഷ്ഠിതമായ പ്രവാസജീവിതം നയിക്കുന്നുണ്ട്. മെച്ചമായ മേച്ചില്പ്പുറങ്ങളും വിളഭൂമിയും തേടി പോകുന്നവർ ഒന്നിൽ നിന്നും മറ്റൊന്നിലേക്ക് നിരന്തരമായി പ്രയാണം ചെയ്തുകൊണ്ടേയിരിക്കും. മലയാളി പ്രവാസം രണ്ടാമത്തെയോ മൂന്നാമത്തെയോ വിഭാഗമായാണ് പഠനങ്ങളിൽ സൂചിപ്പിക്കുന്നത്. ഭൌതികവും ചരിത്രപരവുമായ ഒട്ടേറെ കാരണങ്ങൾ പരിശോധിക്കുകയാണെങ്കിൽ കേരളത്തിന്റെ പ്രവാസജീവിതം കഴിഞ്ഞ നൂറ്റാണ്ടിന്റെ അന്ത്യദശകത്തിൽ തന്നെ ആരംഭിച്ചിരുന്നു. ഇന്ത്യയ്ക്ക് ചുറ്റുമുള്ള മറ്റ് ബ്രിട്ടീഷ് അധിനിവേശ സ്ഥലങ്ങളിലേക്ക് തന്നെയായിരുന്നു കന്നിയാത്രകൾ. പിന്നെ ബർമ്മയിലേക്ക്, മലേഷ്യയിലേക്ക്, സിംഗപ്പൂരിലേക്ക്, ആഫ്രിക്കൻ രാജ്യങ്ങളിലേക്ക്. ഇതുമാത്രമല്ല മലയാളി ഇന്ന് ചെന്നെത്താത്ത ഒരു സ്ഥലവും ഭൂമിയിൽ അവശേഷിക്കുന്നില്ല. പ്രവാസം എന്നും മലയാളിയുടെ ജീവിതത്തിന്റെ ഭാഗമായിരുന്നു.

### 1.3 പ്രവാസം നരവംശശാസ്ത്ര പശ്ചാത്തലത്തിൽ

ആധുനികമനുഷ്യന്റെ സാംസ്കാരിക മാറ്റത്തിന്റെ നാഴികകല്ലായി കണക്കുകൂട്ടുന്നത് കൃഷിയുടെ ആരംഭമാണ്.

ഭക്ഷ്യവസ്തുക്കളുടെ കണ്ടുപിടുത്തവും, പ്രാഥമികാവശ്യങ്ങൾ കണ്ടെത്താനുള്ള ത്വരയും സ്ഥിരവാസം എന്ന ലക്ഷ്യത്തിലേക്ക് എത്തിച്ചേരാൻ മനുഷ്യന് കഴിഞ്ഞു. സ്ഥിരവാസിയായി മാറിയ മനുഷ്യസമൂഹങ്ങളിലും വ്യക്തികളിലുമാണ് പ്രവാസം വേദനാജനകമായ ഒരനുഭവമായിമാറിയത്. അല്ലെങ്കിൽ പ്രവാസമെന്ന അനുഭവ സമസ്യ ഉരിത്തിരിഞ്ഞതു തന്നെ സ്ഥിരവാസമെന്ന യാഥാർത്ഥ്യത്തോടൊപ്പമാണ്. തനിക്ക് അല്ലെങ്കിൽ തങ്ങൾക്ക്, അതിൽ നിന്ന്തിരിച്ചു പോകാനുള്ള വ്യഗ്രത ഇതെല്ലാമാണ്മനുഷ്യന്റെ ചിന്തയുടെ ഭാഗമായി മാറിയത്.

പ്രവാസികളുടെ ഭാഷയും ജീവിതവും തീക്ഷണമായ മനുഷ്യാവസ്ഥ പ്രദാനം ചെയ്യുന്ന പ്രതിഭാസമാണ്. ഇൻഫർമേഷൻ ടെക്നോളജിയുടെ ദ്രുതഗതിയിലുള്ള വളർച്ച കുടുംബങ്ങളുടെ ദൃശ്യപരമായ അകൽച്ച കുറച്ചിരിക്കുന്നു. ലോകത്തിന്റെ ഏതു കോണിലിരുന്ന് ആരുമായും സമ്പർക്കം പുലർത്താം, അതുകൊണ്ടു തന്നെ നാടും വീടും വിട്ടകന്ന കുടിയേറ്റ ജീവിതം ഗൃഹാതുരസ്മരണകളാൽ നീറുന്ന പ്രതിഭാസമാണെന്ന പഴയ കൽപ്പനയിൽ മാറ്റം വന്നിരിക്കുകയാണ്. ഇൻഫർമേഷൻ ടെക്നോളജിയുടെ

കുതിപ്പിനു മുൻപ് പ്രവാസികളുടെ ജീവിതരീതിയും, നാടിനോടുള്ള കാഴ്ചപ്പാടും വളരെ വ്യത്യസ്തമായിരുന്നു.

പ്രവാസജീവിതം ഒരർത്ഥത്തിൽ നമ്മുടെ ആന്തരികജീവിതത്തിന്റെ സ്വാതന്ത്ര്യ പ്രഖ്യാപനമാണ്. കഴിഞ്ഞ നൂറ്റാണ്ടിൽ ഏറ്റവും ഗരിമയാർന്ന സർഗ്ഗാവിഷ്ക്കാരങ്ങൾ ഉദയം കൊണ്ടത് പ്രവാസഎഴുത്തുകാരിൽ നിന്നു തന്നെയായിരുന്നു. ആൽബർട്ട്കമ്യുവിന്റെ അസ്തിത്വചിന്തയിലെ താക്കോൽ വാക്കുകളാണ് ‘ പ്രവാസി ’ എന്ന പദം. പ്രവാസി എഴുത്തുകാരുടെ കൃതികളിൽ ഇന്ന് നിറഞ്ഞുനിൽക്കുന്നത്, എന്നും അരികിലേക്ക് മാറ്റപ്പെട്ടിട്ടുള്ള ജനവിഭാഗത്തിന്റെ ചിത്രങ്ങളാണ്. പാശ്ചാത്യ എഴുത്തുകാരിൽ ലോകശ്രദ്ധ പിടിച്ചു പറ്റിയ സൽമാൻറുഷ്ദി, വി.എസ്.നൈപാൾ എന്നിവരുടെയെല്ലാം കൃതികളിൽ പങ്കുവെയ്ക്കുന്നത് നാടും വീടും വേരുമില്ലാതെ അലയുന്ന ജനവിഭാഗത്തിന്റെ വിഹ്വലതകളായിരുന്നു. പടയോട്ടങ്ങളും വെട്ടിപ്പിടുത്തങ്ങളും പുതിയ ഭൂവിഭാഗങ്ങൾതേടിയുള്ള കടൽയാത്രകളും കണ്ടെത്തലുകളും അധിനിവേശങ്ങളും ഒഴിവാക്കിയാൽ ചരിത്രം ഒരു മൃതപിണ്ഡമാണ്. ചരിത്രത്തിൽനിന്ന് പ്രവാസം നീക്കിയാൽ പിന്നെ ചരിത്രവും ബാക്കി കാണില്ല.

ചരിത്രമുണ്ടാക്കുന്നത്, കുറച്ചുകൂടി വിശദീകരിച്ചാൽ പ്രവാസികളാണ് ചരിത്രരചയിതാക്കൾ. വേരുകൾ പറിച്ചെറിഞ്ഞ് പുറപ്പെടേണ്ട അവസ്ഥ കേരളദേശത്തിനുണ്ടായിട്ടില്ല. അതുകൊണ്ടു തന്നെ മലയാളികളായ പ്രവാസികൾ തുടങ്ങിയടുത്തു തന്നെ തിരിച്ചെത്തുന്നുണ്ട്. പ്രധാനമായും ഇരതേടിയാണ് അവൻ നാടുകടന്നത്. കൈയ്യിൽ കിട്ടിയ ഇരയുമായി അവർക്ക് തിരികെ വരാതിരിക്കാൻ കഴിയില്ല. മറിച്ചുള്ള കഥകൾ പക്ഷേ അതു പൊതുധാരയിൽ വരുന്നില്ല.

'പ്രവാസം ഒരാളുടെ ജന്മത്തിലൂടെ രൂപപ്പെടുന്ന ഒന്നല്ല. അതിന് ജന്മത്തോടോ കർമ്മത്തോടോ കടപ്പാടില്ല. എന്നാൽ ചില കർമ്മങ്ങൾ നമ്മളെ മാറ്റിത്തീർക്കുന്നു. പിറന്നനാട്ടിൽ ജീവിതം നയിക്കാനാവാതെ വരുമ്പോൾ, അടിമത്തത്തിൽനിന്ന്, ദുരിതങ്ങളിൽനിന്ന്, മോചനം നേടാൻ കൂടുതൽ അവസരങ്ങളുള്ള സ്ഥലങ്ങളിലേക്കുള്ള പ്രയാണം. ഇതാണ് ഓരോ പ്രവാസിയുടേയും പിറവിക്കു പിന്നിൽ. ബെന്യാമിന്റെ പ്രവാസകൃതികളെ മുൻനിർത്തിയുള്ള പഠനത്തിലൂടെ പ്രവാസജീവിതാനുഭവങ്ങൾ സമൂഹത്തിന് പകർന്നു നൽകാൻ സാധിക്കുന്നതാണ്. ക്ലാസ്സിക്കൽ അർത്ഥതലങ്ങളിൽ നിന്ന് തെന്നി

മാറി ജീവിതയാഥാർത്ഥ്യങ്ങളെ കാണാനും അപഗ്രഥിക്കാനുമുള്ള കരുത്ത് പകരുന്നതാണ് ബെന്യാമിന്റെ നോവലുകൾ. നിലനിൽപ്പിനു വേണ്ടിയുള്ള പോരാട്ടത്തിന്റേയും, അതിജീവനത്തിന്റേയും നേർക്കാഴ്ച, പ്രതികൂലസാഹചര്യങ്ങളിൽ അകപ്പെടുന്ന പ്രവാസികൾ നിശ്ചയദാർഢ്യത്തോടെ മുന്നേറി , ജീവിതവിജയം കൈവരിക്കുന്ന ചിത്രം നോവലുകളിൽ ദർശിക്കാം. വ്യത്യസ്ത വീക്ഷ്ണകോണുകളിലൂടെ പ്രവാസജീവിതത്തെ അടയാളപ്പെടുത്തിയ എഴുത്തുകാരനാണദ്ദേഹം. ഗൾഫിൽ ദേശാന്തര ജീവിതം നയിക്കുന്ന മലയാളിയുടെ അനുഭവലോകം എത്രത്തോളം വലുതാണ് എന്ന് പുറംലോകത്തെ കാണിച്ചു കൊടുക്കുന്നതിൽ ആടുജീവിതം വലിയൊരു പങ്കുവഹിച്ചു.

പ്രവാസ ജീവിതത്തിലുള്ള അനുഭവസാക്ഷ്യങ്ങളിലൂടെയുള്ള ഒറ്റപ്പെടുത്തലുകളും, ഇച്ഛാഭംഗങ്ങളും അനുവാചകമനസ്സിലേക്ക് എത്തിക്കുവാൻ ബെന്യാമിന് ഇതിലൂടെ സാധിച്ചു. “ആടുജീവിതത്തെ” ബെന്യാമിന്റെ മാസ്റ്റർപീസ് എന്ന് നാം കണ്ടെത്തുന്നു. മലയാളസാഹിത്യത്തിൽ രമണൻ എന്ന കവിതയ്ക്കുശേഷം എറെ ജനപ്രീതി നേടിയ ഒരു സൃഷ്ടിയായി ഈ കൃതി മാറി. നോവലിസ്റ്റിന്റെ നിർബന്ധത്തിനു വഴങ്ങി നജീബ് മസറയിലെ

ദുരന്താനുഭവങ്ങൾ പറയാൻ ശ്രമിച്ചപ്പോൾ “അതുവരെ മറന്നുവെന്നു വിചാരിച്ച സംഭവങ്ങൾ ഓരോന്നായി നജീബിന്റെ കണ്ണിൽ നിന്നു പുറത്തുവരാൻ തുടങ്ങി. അതിന്റെ തീക്ഷ്ണത എന്നെ ശരിക്കും അമ്പരപ്പിച്ചു കളഞ്ഞു.” എന്ന് ബെന്യാമിൻ എഴുതുന്നു. അനുഭവങ്ങളുടെ തീക്ഷണതയും ഭീകരതയും ശക്തമായി ആവിഷ്ക്കരിച്ച ഈ നോവലിൽ യാഥാർത്ഥ്യങ്ങൾ കെട്ടുകഥകഥകളെക്കാൾ വിചിത്രങ്ങളാകുന്നു. സമൂഹത്തിന്റെ കപടമുഖം ചീന്തിയെറിയാൻ തന്റെ സർഗ്ഗാത്മക ശക്തി ബെന്യാമിൻ പ്രയോജനപ്പെടുത്തുന്നു. പക്ഷേ കഥാപാത്രങ്ങളുടെ ആന്തരികശക്തിയെക്കാൾ ബാഹ്യതല ചലനങ്ങൾക്ക് അദ്ദേഹം പ്രാധാന്യം നല്കുന്നു. നിറയെ സ്വപ്നങ്ങളുമായി റിയാദിലെത്തിയ നജീബ് ക്രൂരനായ അർബാബിന്റെ ആടു സൂക്ഷിപ്പുകാരനായിമാറുന്നു. തുടർന്നുള്ള സംഭവങ്ങൾ ശ്വാസമടക്കിപ്പിടിച്ചു മാത്രമേ നമുക്കു വായിക്കാൻ കഴിയൂ..

പ്രവാസം അന്യദേശത്തോടുള്ള ആകർഷണഫലമായി പുറപ്പെട്ടു പോയവന്റെ വാസമാണ്. അന്യദേശത്തോടുള്ള ആകർഷണഫലമായി അപരിചിതമായ മരുഭൂമിയിൽ ഒറ്റപ്പെട്ടുപോയ നജീബിന്റെ കഥയാണ് ‘ആടുജീവിതം‘. ലക്ഷക്കണക്കിന് മലയാളികൾ മരുഭൂമിയിൽ ജീവിക്കുന്നു .

നാട്ടിൽവന്ന് ജീവിച്ച് തിരിച്ചുപോകുന്നു. ഇതിൽ എത്രയോപേർ മനുഷ്യജീവിതത്തിന്റെ എല്ലാമുറകളിലും പിച്ചിച്ചീന്തി ആട്ടിയകറ്റപ്പെട്ട്, മരുഭൂമിയുടെ തീക്കനലിൽ ജീവിതം ചുട്ടുപൊള്ളിക്കുന്നു. അതിന് ഇരയായിത്തീർന്ന നജീബിന്റെ അനുഭവമാണ് ആടുജീവിതത്തിൽ അടയാളപ്പെടുത്തിയിരിക്കുന്നത്. ഗൾഫിൽ ദേശാന്തരജീവിതം നയിക്കുന്ന മലയാളിയുടെ അനുഭവലോകം എത്ര വലുതാണെന്ന് പുറംലോകത്തെ കാണിച്ചു കൊടുക്കുന്നതിൽ ആടുജീവിതം വലിയൊരു പങ്കുവഹിച്ചു. സമ്പന്നമായ ഗൾഫ്ജീവിതത്തിലെ സ്ഥിരതയില്ലാത്ത കുടിയേറ്റക്കാരുടെ പ്രതിനിധിയാണ് നജീബ്. അവനിലാണ് മരുഭൂമിയിലെ തിക്തമായ ജീവിതാനുഭവങ്ങൾ വന്നുനിറയുന്നത്. അതിന്റെ ഭാരവും പേറിയുള്ള യാത്രക്കിടയിലാണ് ജയിലിൽ കിടക്കുന്നതും, കയറ്റി അയക്കപ്പെടുന്നതും, ഭ്രാന്തനാക്കുന്നതും, തീവ്രവാദിയായി മുദ്രകുത്തപ്പെടുന്നതും. ഇങ്ങനെ ദേശാന്തര ജീവിതമുഖത്തെ അരക്ഷിതാവസ്ഥകൾ ഒരുപാട് അനുഭവിക്കേണ്ടിവരുന്നു.

പ്രവാസജീവിതത്തിന്റെ പച്ചയായ ആവിഷ്ക്കരണം സാഹിത്യലോകത്തിലേക്ക് കൈമാറിയ നോവലിസ്റ്റാണ് ബെന്യാമിൻ. ആഗോളസാമ്പത്തിക പ്രതിസന്ധി

ലോകത്തെമുഴുവൻ പ്രവാസികളുടെയും ജീവിതവീക്ഷണങ്ങളെ തകിടം മറിച്ചിരിക്കുന്നു എന്ന വസ്തുതയെ മുൻനിർത്തിയുള്ള കാഴ്ചപ്പാടാണ് തന്റെ കൃതികളിലൂടെ ബെന്യാമിൻ അവതരിപ്പിക്കുന്നത്. ഒരു പ്രവാസിയായ എഴുത്തുകാരന്റെ മനസ്സിലെ വിഹ്വലതകൾക്ക് ഉത്തമദൃഷ്ടാന്തമാണ് അദ്ദേഹത്തിന്റെ കൃതികൾ. പ്രവാസജീവിതത്തിന്റെ യാഥാർത്ഥ്യം വസ്തുനിഷ്ഠമായി അവതരിപ്പിക്കുകയാണ് ബെന്യാമിൻ തന്റെ ആടുജീവിതം എന്ന നോവലിലൂടെ. ഇതിൽ വായനക്കാരനെ ആടാക്കിമാറ്റുകയാണ്, നജീബിന്റെ വേദനകളെ സ്വന്തം വേദനയാക്കിമാറ്റുന്നു. എല്ലാ ഗ്രന്ഥങ്ങളും വായിക്കുമ്പോൾ നമുക്കൊരിക്കലും ജീവിതത്തിൽ ഇങ്ങനെയൊരു അനുഭവം ഉണ്ടാകുമെന്ന് വിശ്വസിക്കാൻ സാധിക്കില്ല. പക്ഷെ നാം ഒരു ജീവിതം കാണുകയാണിവിടെ. ഒരു സാഹിത്യകൃതിയുടെ ജീവൻ അതിലുപയോഗിക്കുന്ന പദങ്ങളിലോ ബിംബങ്ങളിലോ മാത്രമല്ല, അതു വരച്ചു കാട്ടുന്ന ജീവിതയാഥാർത്ഥ്യവും കൂടിയാണ്. അതിന്റെ തുടർച്ചയായി തന്നെ ആടുജീവിതവും വായിക്കാവുന്നതാണ്. "എന്നെ വിസ്മയിപ്പിച്ച മലയാള നോവൽ" എന്നാണ് എം.മുകുന്ദൻ ആടുജീവിതത്തെ വിശേഷിപ്പിച്ചിരിക്കുന്നത്. ക്രൂരനായ അർബാബിന്റെ

പീഡനങ്ങൾക്കു വിധേയനാകുന്ന നജീബിന്റെ രൂപവും ഭാവവുമെല്ലാം മാറുന്നു. ഒരു മണവും ഇല്ലാത്ത ഒരു ജീവിയേ മസറയിൽ ഉണ്ടായിരുന്നുള്ളു. അതു താൻ എന്ന മൃഗമാണെന്നു നജീബിനു തോന്നി. കുളിക്കാതെ, ഷേവുചെയ്യാതെ, ഭക്ഷണം കഴിക്കാതെ വികൃത ജീവിയെ പ്പോലെയാണ് അയാൾ ജീവിക്കുന്നത്. തന്റെ ഭൂതകാല ജീവിതം മനസ്സിൽ നിന്ന് വിദൂരമായി മാറുന്നു. കണ്ണാടിയിൽ നോക്കാത്തതു കൊണ്ട് അയാൾ ഞെട്ടിപ്പോയില്ല. അതിവിശാലമായ മരുഭൂമിയിൽ നിന്ന് രക്ഷപ്പെടാനുള്ള പരിശ്രമങ്ങൾ പലപ്പോഴും പരാജയപ്പെടുന്നു. മസറയിൽ നിന്ന് രക്ഷപ്പെട്ട് കുഞ്ഞിക്കായുടെ കടയിൽ എത്തിയ നജീബ് കണ്ണാടിയിലൂടെ തന്റെ രൂപം കണ്ടിട്ട് ബോധരഹിതനാവുന്നു. തളർന്നുവീണ തന്നെ കുഞ്ഞിക്കായും പണിക്കാരും ചേർന്നു താങ്ങിപ്പിടിച്ചു. മൂന്നുവർഷം നാലുമാസം ഒൻപതുദിവസം നജീബ് മരുഭൂമിയിൽ ജീവിച്ച കഥകേട്ടവർ തരിച്ചിരുന്നുപോയി.

കുഞ്ഞിക്കായുടെ ശ്രമഫലമായി നജീബിനു നാട്ടിലേക്കു ഫോൺചെയ്യാൻ കഴിഞ്ഞു. നജീബ് സുഖം പ്രാപിച്ചു വരുന്നതിനിടെയാണ് ഹമീദ് കുഞ്ഞിക്കായുടെ മുറിയിൽ അഭയം തേടുന്നത്. ഒരു അറബിയുടെ

കൃഷിത്തോട്ടത്തിലെ പണിക്കാരനായ അയാൾ കഠിനജോലിയും ക്രൂരമർദ്ദനവും സഹിക്കാനവാതെ ഒളിച്ചോടിയെത്തിയതായിരുന്നു. നിരവധി ദിവസത്തെ ആലോചനകൾക്കും നിർദ്ദേശങ്ങൾക്കും ഒടുവിൽ പോലീസിൽ പിടികൊടുക്കുവാൻ ഇരുവരും തീരുമാനിച്ചു.

നജീബിലൂടെ നോവലിസ്റ്റ് ആവിഷ്ക്കരിക്കുന്നത് പ്രവാസത്തിന്റെ നിറം മങ്ങിയ മുഖമാണ്. നജീബിനും, ഹക്കീമിനും നീണ്ടുകിടക്കുന്ന മണൽ പരപ്പിൽ സ്വന്തം ജീവിതം കണ്ടെത്താനാവാതെ നിസ്സഹാരാകേണ്ടി വരുന്നു. പ്രവാസത്തിന്റെ ദുരന്താത്മക ചിത്രമാണ് അവരിലൂടെ കാണാൻ കഴിയുന്നത്. ഹക്കീം മരുഭൂമിയിൽ മരിച്ചുവീഴുന്നു. നീണ്ടകാലത്തെ ദുരിതങ്ങൾക്കുശേഷം നജീബ് ഒരുവിധത്തിൽ രക്ഷപ്പെടുന്നു. ജീവൻനിലനിർത്താൻ വേണ്ടി പണിയെടുക്കുന്നവന് മറ്റുപ്രതീക്ഷകളും സ്വപ്നങ്ങളുമില്ല. അതിജീവനത്തിന്റെ വാതിലിൽ മുട്ടി തകർന്നു പോകുന്ന സ്വപ്നങ്ങൾ ചവിട്ടിമെതിച്ച് കാലം മുന്നോട്ടു പോകുന്നു. ഇതിനിടയിൽ ചിലർ വാടി വീണു കരിഞ്ഞു പോകുന്നു. ക്രൂരതയുടെ മുഖങ്ങളോടൊപ്പം കുഞ്ഞിക്കായെപ്പോലെയുള്ള സ്നേഹത്തിന്റെ, പരിഗണനയുടെ, മനുഷ്യത്വത്തിന്റെ മാനങ്ങളും നോവലിസ്റ്റ് കണ്ടെത്തുന്നു. രക്ഷപെടാനുള്ള

ആഗ്രഹം പൊട്ടിക്കരച്ചിലാക്കുന്ന മനുഷ്യന്റെ നിസ്സഹായവസ്ഥ, ആടും മനുഷ്യനും അഭിന്നമാകുന്ന അവസ്ഥ, ഇതും പ്രവാസത്തിന്റെ മറ്റൊരു മുഖമാണ്.

. ഓരോ പ്രവാസിയുടെയും ഉള്ളിൽ വീട് എന്ന സ്വപ്നം അറിയാതെ ഉറങ്ങിക്കിടക്കുന്നുണ്ട്. ഓരോ കുടിയേറ്റക്കാരനും ഒരു വിധത്തിൽ അല്ലെങ്കിൽ മറ്റൊരു വിധത്തിൽ സാങ്കല്പ്പികമായൊരു സ്വദേശത്തെ തന്റെ ചുറ്റും പണിതുയർത്തിക്കൊണ്ടാണ് ആ ജീവിതത്തിന്റെ വിവിധ സങ്കീർണ്ണതകളെ മറികടക്കുന്നത്. മരുഭൂമിയിൽ ഒറ്റയ്ക്കാവുന്ന നജീബ് തനിക്കു ചുറ്റുമുള്ള ആടുകൾക്ക് തനിക്കു പ്രിയപ്പെട്ടവരുടെയും തനിക്കു ചുറ്റുമുള്ളവരുടെയും പേരു നല്കിക്കൊണ്ടാണ് ആ സ്വദേശം സൃഷ്ടിക്കുന്നത്. മസറയിലെ ഏറ്റവും സുന്ദരിയായ ആടിന് മേരിമൈമൂന എന്നും, ആദ്യമായി അകിടിന് പിടിച്ച പോച്ചക്കാരി രമണി. ജഗതിയെപ്പോലെ ചിരിക്കുന്നതും, മോഹൻലാലിനെപ്പോലെ ചരിഞ്ഞു നടക്കുന്നതും, ഇ.എം.എസ്സിനെപ്പോലെ വിക്കുള്ളതുമായ ആടുകൾ ഇങ്ങനെ നിരവധി പേരുകൾ അവയ്ക്കിട്ടുകൊണ്ട് സ്വഗ്രാമം സൃഷ്ടിച്ചെടുക്കാൻ ശ്രമിക്കുകയായിരുന്നു. അവസരം കിട്ടിയപ്പോൾ മസറയിൽ നിന്ന് രക്ഷപെടാൻ തീരുമാനിക്കുകയും അതിനെ തുടർന്ന്

ജയിലിൽ എത്തിപ്പെടുകയും ചെയ്തു. പിന്നീട് അത്ഭുതകരമായി നജീബ് ജീവിതത്തിലേക്ക് മടങ്ങിയെത്തുന്നു.

## 1.4 അനുഭവമേഖലയിൽനിന്ന്

നോവൽശില്പത്തിന്റെ പ്രാണസാരമായി വിശ്വാസ്യതയെ കാണുന്ന ബെന്യാമിൻ കഥാപാത്ര വൈഭവത്തിലും പ്രത്യേകം ശ്രദ്ധിക്കുന്നുണ്ട്. തന്റെ പ്രവാസജീവിതത്തിൽ കണ്ടുമുട്ടിയ സാധാരണക്കാരെയാണ് അദ്ദേഹം കഥാപാത്രങ്ങളായി സ്വീകരിച്ചത്. നജീബിന്റെ ജീവിതം പൊടിപ്പും തൊങ്ങലുമില്ലാതെ പറഞ്ഞുകേട്ടതു പകർത്തുകയാണെന്ന സത്യവാങ്മൂലത്തോടു കൂടിയാണ് കഥ മുന്നോട്ടു പോയത്. ഏറെക്കാലമായി അറേബ്യൻപ്രവാസികളിൽ ഭൂരിഭാഗവും മലയാളികളാണ്. അതിൽ ഒരാൾ മാത്രമായ നജീബിന്റെ അനുഭവം കഥയിലൂടെ എടുത്തു കാണിക്കുകയാണ് ഇവിടെ. ഗൾഫിൽ നിന്നു രക്ഷപ്പെടുന്നതിന്റെ ആദ്യ പടിയായി പോലീസിനു പിടികൊടുത്ത് നജീബും ഹമീദും സുമേസി ജയിലിൽ അടയ്ക്കപ്പെട്ടു .അവിടെ നിന്ന് അർബാബിനാൽ കൂട്ടികൊണ്ട് പോകപ്പെട്ട നജീബ് മരുഭൂമിയുടെ നടുവിലുള്ള

മസറയിലെത്തിയപ്പോൾ നജീബിനെ സ്വാഗതം ചെയ്തത് ഒരു ഭീകരരൂപിയായിരുന്നു. മസറയിൽ ആടുകളോടും ഒട്ടകങ്ങളോടൊപ്പം ജീവിക്കുന്ന നജീബ് "ആടുജീവിത" മാണ് നയിക്കുന്നത് .അർബാബിന്റെ കീഴിൽ ആടിനെക്കാൾ ദയനീയമായ ജീവിതമാണ് അയാൾക്ക് ലഭിക്കുന്നത്. ഏതു സമയവും മരണം മുഖത്തോടു മുഖം നില്ക്കുന്ന അസാധാരണമായ ജീവിതം. അല്പം ആശ്വാസത്തിനു വേണ്ടി കേഴുന്നവന്റെ മാനസികാവസ്ഥ നജീബിലൂടെ തിരിച്ചറിയുന്നു. മൂന്നുവർഷത്തിലധികം മരുഭൂമിയുടെ തിക്താനുഭവങ്ങളിലൂടെ നീന്തി തുടിക്കുന്ന അയാൾ വികൃതരൂപിയായിത്തീരുന്നു. തന്റെ രൂപം പോലും കാണാത്ത നാളുകളിൽ അയാൾ മറ്റു ലോകത്തെത്തിയവനെപ്പൊലെ മറവിയുടെ ആഴങ്ങളിൽ നിപതിക്കുന്നു. ഭാര്യയും, കുഞ്ഞും വീട്ടുകാരും സുഹൃത്തുക്കളും നജീബിന് അന്യമാകുന്നു. മസറയ്ക്കുള്ളിൽ കടന്നുചെന്ന അയാൾക്കുചുറ്റും ആടുകൾ വന്നുകൂടി . അയാളുടെ മുഖത്ത് ആകാംക്ഷ നിഴലിച്ചിരുന്നു.

നാട്ടിൽ കൂലിപ്പണികൾ ചെയ്തു ജീവിച്ച നജീബും, ഹക്കീമും ക്കൂടി ഗൾഫ് സ്വപ്നങ്ങളുമായി റിയാദിലെത്തുന്നു. അപ്രകാരം യാത്ര തിരിച്ചവരിൽ കുറച്ചു പേർ ഭാഗ്യതീരം കണ്ടെത്തുമ്പോൾ കുറച്ചാളുകൾ മരുഭൂമിയുടെ തീക്കാറ്റിൽ

കരിഞ്ഞു വീഴുന്നു. നിർഭാഗ്യവശാൽ അവരുടെ വിസമാറുകയും ദുരിതങ്ങളിൽ അകപ്പെടുകയും ചെയ്യുന്നു .മുന്നോട്ടുള്ള നിമിഷങ്ങളിൽ ഉറ്റവരുമായി ബന്ധപ്പെടാനാവാതെ, വെള്ളംപോലും കുടിക്കാൻ കിട്ടാതെ, പ്രാഥമിക കാര്യങ്ങൾ പോലും നിർവഹിക്കാനാവാതെ ബുദ്ധിമുട്ടു നേരിടേണ്ടി വരുന്ന നിർഭാഗ്യജന്മങ്ങളുടെ പ്രതിനിധിയായി മാറുകയാണ് ഇവിടെ നജീബ്.

ഒട്ടകത്തിന്റെ കനം മുറ്റിയ പുരികങ്ങൾ മരുഭൂമിയുടെ സകല തീക്ഷ്ണതയും ദ്യോതിപ്പിക്കുന്നതായി നജീബിനു തോന്നി. മീൻ ചെകിള പോലെ അടയ്ക്കുകയും തുറക്കുകയും ചെയ്യുന്ന മൂക്ക്, വിസ്താരത്തിൽ കീറിയ വായ , ബലമേറിയ കഴുത്ത്, കുതിരയുടെ കുഞ്ചിരോമങ്ങൾ ഓർമ്മിപ്പിക്കുന്ന രോമങ്ങൾ, കൊമ്പ് പോലെ തലയ്ക്ക് മുകളിലേയ്ക്ക് വളർന്ന് നില്ക്കുന്ന ചെവികൾ, എല്ലാറ്റിലും അധികമായി നജീബിനെ ആകർഷിച്ചത്, പേടിപ്പിച്ചത്, അതിന്റെ നിസംഗതമുറ്റിയ നോട്ടമാണ്. ആ കണ്ണുകളിലേക്ക് നജീബ് ഒരു വട്ടം നോക്കിയതേയുള്ളൂ. സൂര്യനെനോക്കുന്നതു പോലെ കണ്ണുകൾ പിൻവലിച്ചു. മരുഭൂമിയുടെ ആഴവും പരപ്പും രൂക്ഷതയും വന്യതയും ആ കണ്ണുകൾക്കുള്ളിൽ ഉറഞ്ഞു കിടക്കുന്നതായി നജീബിനു തോന്നി. അതിനെയൊന്നും

ഒരിക്കലും അതിജീവിക്കാനാവില്ലെന്ന അറിവായിരിക്കണം അവിടെ നിസംഗതയായി ഉറഞ്ഞുകിടക്കുന്നതു എന്ന് നജീബ് കരുതുന്നു.

ജീവിതത്തിൽ ഇനി ഒരിക്കലും കണ്ടുമുട്ടാൻ ഇടയില്ലാത്ത ആ ആടുകളുടെ അടുത്തേക്ക് അയാൾ ചെന്നു. ബെന്യാമിന്റെ വാക്കുകളിൽ നജീബിന്റെ യാത്രാമൊഴി "എന്റെ പ്രിയപ്പെട്ടസഹോദരങ്ങളെ, ഞാൻപോകുന്നു. ഞാനിനിയും ഇവിടെ നിന്നാൽ മരിച്ചു പോകും. എനിക്കിവിടെ നിന്ന് രക്ഷപ്പെടണം. ഒരിക്കലും നിങ്ങളിൽ നിന്നല്ല. എന്റെ സ്വന്തം വിധിയിൽ നിന്ന്. നിങ്ങളെ ഓരോരുത്തരെയും എനിക്കിഷ്ടമാണ്. നിങ്ങളില്ലായിരുന്നെങ്കിൽ ഞാൻ എന്നേ മരിച്ചു പോകുമായിരുന്നു. നിങ്ങളാണ്, നിങ്ങളുടെ സ്നേഹമാണ് എന്നെ ഇതുവരെ ജീവിപ്പിച്ചത്. ഞാൻ ലോകത്തിൽ എവിടെ ആയിരുന്നാലും എന്റെ കഷ്ടകാലങ്ങളിൽ എനിക്കൊപ്പമുണ്ടായിരുന്ന സഹോദരങ്ങളെ എന്ന പോലെ ഞാൻ നിങ്ങളെ ഓർമ്മിക്കും." ആട്ടിൻകുട്ടികളുടെ മസറയിൽ ചെന്നപ്പോൾ നജീബ് ശരിക്കും കരഞ്ഞു. അയാൾ മസറയിൽ നിന്ന് ഇറങ്ങിയത് കരഞ്ഞു കൊണ്ടാണ്. ആ രക്ഷപ്പെടലിന്റെ സന്തോഷ വേളയിലും

കടുത്ത വേദനയാണ് അവയെ വേർപിരിയുമ്പോൾ നജീബിനുണ്ടായത്.

ആടുകളോടൊപ്പം സമരസപ്പെട്ട ആടുജീവിതത്തിൽ സങ്കടങ്ങളും വേദനകളും മാത്രമല്ല നജീബിന്റെ ശരീരം തന്നെ അവയോട് പങ്കിട്ട അനുഭവവും അയാൾക്കുണ്ട്. ആടുകൾക്ക് നാട്ടിലെ പ്രിയപ്പെട്ടവരുടെയും പരിചയക്കാരുടെയും പേരിടുന്ന അയാൾ മകനെയും കാമുകിയെയുമൊക്കെ ആടുകൾക്കിടയിൽ കണ്ടെത്തുന്നു. ജീവിതം നിരാശയുടെ പടുക്കുഴിയിൽ നിപതിക്കുമ്പോഴും ആദ്യം മഴയിൽ കുതിർന്ന മരു മണ്ണിൽ കിളിർക്കുന്ന ഇളംമുളകൾ അതിജീവനത്തിന്റെ പ്രതീക്ഷകൾ നജീബിൽ നിറയ്ക്കുന്നു. ഒടുവിൽ രണ്ടും കല്പിച്ച് രണ്ടു കൂട്ടുകാർക്കൊപ്പം മസറയിൽനിന്ന് അയാൾ രക്ഷപ്പെടുന്നു. പക്ഷേ വഴിയിൽ ഹക്കിം എന്ന സുഹൃത്ത് മരിച്ചു വീഴുന്നു. ലക്ഷ്യം കണ്ടെത്തിയപ്പൊഴെക്കും ഇബ്രാഹിം ഖാദരി എന്ന രക്ഷകൻ അപ്രത്യക്ഷനായിത്തീരുന്നു. രക്ഷപ്പെട്ട് നഗരത്തിലെത്തിയ അയാൾ സ്വന്തം നാട്ടിലേക്ക് മടങ്ങുന്നതിനുള്ള ആദ്യപടിയായി പോലിസ് സ്റ്റേഷനിൽ അഭയം പ്രാപിക്കുന്നു. നാട്ടിലേക്കുള്ള മടക്കയാത്ര കാത്ത്

ജയിലിൽ കിടക്കുന്ന നജീബിന്റെ ഓർമ്മകൾ ഇതൾ വിരിയുന്നതു പോലെയാണ് നോവലിലെ സ്വഭാവാഖ്യാനം.

മസറയിൽ ആടുകളോടും ഒട്ടകങ്ങളോടൊപ്പം ജീവിക്കുന്ന നജീബിന്, അർബാബിന്റെ കീഴിൽ ആടിനേക്കാൾ ദയനീയമായ ജീവിതമാണ് അയാൾക്ക് ലഭിക്കുന്നത്. ഏതു സമയവും മരണം മുഖത്തോട്മുഖം നിൽക്കുന്ന അസാധാരണമായ ജീവിതം. അല്പം തണലിനു വേണ്ടി കൊതിക്കുന്നവന്റെ മാനസികാവസ്ഥ നജീബിൽ നിന്നും നാം തിരിച്ചറിയുന്നു. മൂന്നുവർഷത്തിലധികം കഷ്ടകാണ്ഡങ്ങളിൽ നീന്തിതുടിക്കുന്ന അയാൾ വികൃതരൂപിയായിത്തീരുന്നു. അയാൾ മറ്റു ലോകത്തെത്തിയവനെപ്പോലെ മറവിയുടെ ആഴങ്ങളിൽ ചെന്നെത്തുന്നു. താൻ എത്തിച്ചേർന്ന ദുരിതത്തോട് അയാൾ യോജിച്ചു പോവുകയാണ്. അതല്ലാതെ ജീവൻ നിലനിർത്താൻ മറ്റൊരു വഴി അയാൾക്കു മുമ്പിലില്ല. ആടുകൾ മാത്രമാണ് അയാൾക്ക് സ്നേഹം നല്കുന്നത്. നിസ്സഹായനായ ഒരു പ്രവാസിയുടെ ചിത്രമാണ് നജീബിലൂടെ നോവലിസ്റ്റ് അവതരിപ്പിക്കുന്നത്. അറേബ്യൻ പ്രവാസികളിൽ വലിയൊരു വിഭാഗം പരാജിതരാണ്. ദുരന്തത്തിന്റെ നടുക്കടലിലും മണൽപ്പരപ്പിലും കൈകാലിട്ടടിച്ച്, മരണത്തെ മുഖാമുഖം ദർശിച്ച് ജീവൻ മാത്രം നിലനിർത്തുന്ന ജന്മങ്ങളെ ചേർത്തു

നിർത്തുകയാണ് "ആടുജീവിതം" . മനുഷ്യന്റെ പ്രത്യാശയുടെ കരുത്തും പ്രകാശവും ബെന്യാമിൻ എടുത്തുകാണിക്കുന്നു.

ജീവിത യാത്രയിൽ എവിടെയോ കണ്ടുമുട്ടുകയും ഉള്ളിൽ പതിയുകയും ചെയ്ത വ്യക്തികളെ നോവലിസ്റ്റ് കഥാപാത്രമായി സ്വീകരിച്ചിരിക്കുന്നു. ആടുജീവിതം എന്ന നോവലിൽ കഥാകൃത്ത് തന്റെ അനുഭവമെന്ന നിലയിൽ കഥാപാത്രദാന സൂചനകൾ നല്കുന്നുണ്ട്. പ്രമേയ സ്വീകരണത്തിൽ എന്ന പോലെ നോവലിസ്റ്റ് കഥാപാത്രങ്ങളെ കണ്ടെത്തുന്നത് അനുഭവമേഖലയിലൂടെയാണ്. അനുഭവമേഖലയിൽ നിന്ന് കഥാപാത്രങ്ങളെ സ്വീകരിച്ചിരിക്കുന്നതുകൊണ്ട് അവർക്ക് സ്വാഭാവികത ഏറും. അനുവാചകരിൽ യാഥാർത്ഥ്യബോധം ഉളവാക്കാൻ കഴിയണമെന്ന് നോവൽ വിമർശകർ ഊന്നി പ്പറയാറുണ്ട്. എം.പി. പോളിന്റെ ഭാഷയിൽ "അനുഭവവേദ്യത ഉള്ളവരായിരിക്കണം കഥാപാത്രങ്ങൾ'' ബെന്യാമിന്റെ കഥാപാത്രങ്ങൾക്ക് പ്രസ്തുതവിശേഷണം അക്ഷരാർത്ഥത്തിൽ യോജിക്കുന്നതാണ്.

. മരുഭൂമിയിലെ ചെടികൾ നജീബിന് പറഞ്ഞുക്കൊടുത്തത് പ്രതീക്ഷയുടെ പാഠങ്ങളാണ്. അവ

അയാളോട് രഹസ്യമായി പറഞ്ഞു. “നജീബേ, മരുഭൂമിയുടെ ദത്തുപുത്രാ, ഞങ്ങളെപ്പോലെ നീയും നിന്റെ ജീവനെ അടക്കിപ്പിടിച്ച് ഈ മരുഭൂമിയോട് മല്ലിടുക. തീക്കാറ്റും വെയിൽനാളവും നിന്നെ കടന്നു പോകും. നീ അവയ്ക്ക് മുന്നിൽ കീഴടങ്ങരുത്, തളരുകയും അരുത്. നിന്റെ ജീവനെ അത് ചോദിക്കും. വിട്ടുകൊടുക്കരുത്. പകുതി മരിച്ചവനെ പ്പോലെ ധ്യാനിച്ചു കിടക്കുക. ശൂന്യത പോലെ നടിക്കുക. നീ ഇനിയൊരിക്കലും ഉയിർത്തെഴുന്നേല്ക്കില്ലെന്നു തോന്നിപ്പിക്കുക. കരുണാമയനായ അള്ളാഹുവിനെ മാത്രം രഹസ്യത്തിൽ വിളിക്കുക. അവൻ നിന്റെ സാന്നിദ്ധ്യ മറിയും. അവൻ നിന്റെ നിലവിളിക്കേൾക്കും. നജീബേ നിനക്കു വേണ്ടി ഒരു കാലം വരും. ഈ തീക്കാറ്റ് മായും. ഈ ചൂട് ഇല്ലാതെയാവും. കാലത്തിന്റെ കുളിർക്കാറ്റ് നിന്നെ ഭൂമിക്കടിയിൽ നിന്ന് തോണ്ടി വിളിക്കും. അപ്പോൾ മാത്രം നീ നിന്റെ ജീവന്റെ തല പതിയെ ഉയർത്തുക. ഭൂമിയിൽ നിന്റെ സാന്നിദ്ധ്യം അറിയുക. പിന്നെ ഒറ്റ നിമിഷം കൊണ്ട് രക്ഷപ്പെടലിലേക്കു കുതിക്കുക. നാളത്തെക്കു പൂവിടുകയും കായ്ക്കുകയും ചെയ്യുക.” ചെടിക്കുഞ്ഞുങ്ങളുടെ വാക്കുകൾക്ക് അവൻ ചെവികൊടുത്തു. അനുകൂല കാലത്തിനു വേണ്ടി നജീബ് ക്ഷമാപൂർവ്വം കാത്തിരുന്നു.

മരുഭൂമിയിലെ യാത്രയ്ക്കിടയിൽ ഒരിടത്ത് എത്തിയപ്പോൾ നജീബും കൂട്ടുകാരും ശരിക്കും അത്ഭുതപ്പെട്ടു പോയി. നിരന്തരമായ മണൽക്കാറ്റിലൂടെ മണ്ണു പറ്റിപ്പറ്റി ഫോസിലായിപ്പൊയ ഒരു വനഭൂമിയുടെ താഴ്‌വാരമായിരുന്നു അവരെ വിസ്മയിപ്പിച്ചത്. അവിടെ നിന്നും പത്തു ചുവട് നടന്നില്ല. പെട്ടെന്നു കണ്മുന്നിൽ എന്തോ ചലനവും തുടർന്ന് ഒരു സീൽക്കാരശബ്ദവും ശ്രദ്ധയിൽപ്പെട്ടു. കാറ്റത്തു തലയാട്ടി നിൽക്കുന്ന പൂന്തോട്ടം പോലെ എന്തോ ഒന്ന് കണ്മുന്നിൽ ആടിക്കളിക്കുന്നു. തന്നെയുമല്ല അതു പതിയെ മുന്നോട്ട് നീങ്ങുകയാണ്. ഇബ്രാഹിം ഖാദരി ഭീതികൊണ്ട് ഞെരുങ്ങി. അഞ്ഞൂറോ ആയിരമോ പാമ്പുകൾ തലയാട്ടി തലയാട്ടി മുന്നോട്ട് നീങ്ങി വരുന്നു.

ഒരു വലിയ സൈന്യത്തിന്റെ പടപ്പുറപ്പാടുപോലെ, മരുഭൂമിയിലെ പൊടി ഇളക്കിമറിച്ചാണ് അവയുടെ വരവ് . മണലിൽ തലപൂഴ്ത്തി അനങ്ങാതെ കിടക്കുവാൻ ഇബ്രാഹിം പറഞ്ഞു. ഒട്ടകപക്ഷികളെപ്പോലെ മണലിൽ തലതാഴ്ത്തിവച്ച് അവർ അനങ്ങാതെ കിടന്നു. സീൽക്കാരം മെല്ലെ സമീപിക്കവേ നജീബ് ഭയന്നു വിറച്ചു. ആ ആയിരത്തിൽ ഒന്നിന്റെ പല്ല്

ദേഹത്ത് പൂളിയാൽ പത്തു നിമിഷങ്ങൾക്കുള്ളിൽ എല്ലാം അവസാനിക്കും. അവർക്കു മുകളിലൂടെ പാമ്പുകൾ ഇഴഞ്ഞു നീങ്ങുമ്പോൾ തീക്കൊള്ളി കൊണ്ടു തൊടുന്നപോലെ തോന്നി. എല്ലാം കടന്നുപോയപ്പോൾ അവർ എഴുന്നേറ്റു. ശരീരമാകെ ചാട്ട കൊണ്ട് അടിച്ചതു പോലെ തിണർത്തു പൊന്തിയിരുന്നു.

ഒരു മനുഷ്യൻ എത്രമാത്രം ദുരിതങ്ങളിലൂടെ കടന്നു പോകാം എന്നാണ് നജീബിന്റെ ജീവിതം തെളിയിക്കുന്നത്. ആർക്കും ഇങ്ങനെയൊരു ജീവിതം കൊടുക്കരുതേ എന്ന് അറിയാതെ നാം പ്രാർത്ഥിച്ചു പോകും. ദുരന്തങ്ങൾക്കിടയിലും നർമബോധം കാത്തു സൂക്ഷിക്കാനും പ്രതീക്ഷകൾ അസ്തമിക്കാതെ കരുതി വയ്ക്കാനും കഴിയുന്ന മനുഷ്യനെന്ന നിലയിൽ ജീവിതത്തെക്കുറിച്ച് നജീബ് പുതിയൊരു ദർശനമാണ് നമുക്കു മുന്നിൽ അവതരിപ്പിക്കുന്നത്.

വ്യക്തിയുടെ സാമൂഹികബോധത്തെയും സർഗ്ഗാത്മക മനസ്സിനെയും പ്രവാസം ആഴത്തിൽ സ്വാധീനിക്കുന്നു. നമ്മുടെ സാഹിത്യം പ്രവാസത്തിന്റെ അനുഭവവ്യാപ്തിയെ എത്രത്തോളം സ്വാംശീകരിച്ചിരിക്കുന്നു എന്ന അന്വേഷണമാണ് നടക്കുന്നത്. സാഹിത്യമുൾപ്പെടെയുള്ള ആവിഷ്ക്കാരങ്ങളുടെ ധർമ്മം യാഥാർത്ഥ്യത്തിന്റെ പ്രതിഫലനമോ പ്രതിനിധാനമോ മാത്രമല്ല ചില ബദൽ

യാഥാർത്ഥ്യങ്ങളുടെ നിർമ്മാണം കൂടിയാണ് എന്ന സമീപനമാണ് സ്വീകരിച്ചിരിക്കുന്നത്. ഈ അടിസ്ഥാനത്തിൽ പ്രവാസത്തിന്റെ ആവിഷ്ക്കാരങ്ങൾ മറ്റു ചില പ്രശ്നങ്ങളിലേക്ക് കൂടി വ്യാപിപ്പിക്കുന്നുണ്ടെന്ന് തിരിച്ചറിയപ്പെടുന്നു. നാടുകടത്തപ്പെട്ടവർ, രാജ്യം നഷ്ടപ്പെട്ടവർ, പ്രവാസികൾ, നാടോടികൾ എന്നിങ്ങനെ ദേശത്തിന്റെ മുഖ്യധാരയിൽ നിന്ന് പുറത്തായവരുടെ ജീവിതം ഇരുപതാം നൂറ്റാണ്ടിലെ സാഹിത്യത്തിന്റെ മുഖ്യവിഷയങ്ങളിലൊന്നാണ്. ലോകത്തിന്റെ തന്നെ ബിംബാത്മകതയ്ക്ക് മാറ്റം വരുത്തിയ ജനതയുടെ ജീവിതഗതികൾ തിരുത്തിയ രാഷ്ട്രീയവും സാമൂഹികവുമായ ഒട്ടേറെ സംഭവങ്ങളും പരിണാമങ്ങളുമാണ് കാരണമായത്.

# അദ്ധ്യായം 2

## കാലപ്രവാഹം ബെന്യാമിൻ നോവലുകളിൽ

ബെന്യാമിന്റെ നോവലുകളിൽ ജീവിതം അവിച്ഛിന്നമായ പ്രവാഹമാണ്. എന്നാൽ ക്രമവും കെട്ടുറപ്പുമുള്ള കഥയല്ല. അതിനോടടുക്കുവാനും അതിന്റെ തുടർച്ചയ്ക്കൊപ്പം മുമ്പോട്ട് നീങ്ങുവാനുമാണ് സമകാലിക എഴുത്തുകാരൻ എന്ന നിലയിൽ ബെന്യാമിൻ തുനിഞ്ഞിട്ടുള്ളത്. അനന്തമായ ജീവിതപ്രവാഹം നോക്കിക്കാണുവാൻ തുടിക്കുന്ന ഒരു ഹൃദയത്തിന്റെ

ഉടമസ്ഥനാണ് പ്രവാസിയായ അദ്ദേഹം. വർത്തമാനകാല പ്രവാസജീവിതത്തിന്റെ ചില ദുരന്തങ്ങളും അതോടൊപ്പം നവമാദ്ധ്യമങ്ങളുടെ കടന്നുവരവ് അറേബ്യൻ ജനതയിൽ വരുത്തിയ പരിവർത്തനങ്ങളും, ജീവിതത്തിൽ ഉണ്ടാക്കിയ വെല്ലുവിളികളും, വർത്തമാനകാലത്തിനോടുള്ള പ്രതികരണമായി നോവലുകളുടെ ഭാവശില്പ്പത്തിന് മാറ്റ് കൂട്ടാൻ സാധിച്ചു. ആദിമദ്ധ്യാന്തപ്പൊരുത്തമുള്ള ഇതിവൃത്തമാണ് ബെന്യാമിൻ നോവലുകളെ ശ്രേഷ്ഠമാക്കി മാറ്റിയത്.

പുതിയകാലത്തിന്റെ ആവശ്യങ്ങൾ ഉൾക്കൊള്ളുവാൻ ആ പഴയ രൂപത്തിന് കഴിയില്ല എന്ന തിരിച്ചറിവ് വരുമ്പോളാണ് സാഹിത്യത്തിൽ സങ്കേതങ്ങളിലും ശൈലിയിലും ഭാഷയിലും മാറ്റം സംഭവിക്കുന്നത്. ഏറെ വ്യത്യസ്തത പുലർത്തുന്ന ആഖ്യാനശൈലിയാണ് കഥയ്ക്കുള്ളിലെ കഥയുമായി കടന്നുവന്ന ഇരട്ടനോവലുകൾ എന്ന വ്യാഖ്യാതി നേടിയ അൽ- അറേബ്യൻ നോവൽ ഫാക്ടറിയും, മുല്ലപ്പൂനിറമുള്ളപകലുകളും. അറേബ്യൻ രാജ്യങ്ങളിൽ പൊട്ടിപ്പുറപ്പെട്ട മുല്ലപ്പൂവിപ്ളവത്തെ കേന്ദ്രീകരിച്ച് കഥ പറയുമ്പോൾ വില്ല്യം സരോയൻ കഥയ്ക്കു നല്കിയ " ഒരാൾ മറ്റൊരാളോട് പറയുന്ന നാതീദീർഘമായ സംവാദം" എന്ന

നിർവ്വചനം അക്ഷരാർത്ഥത്തിൽ നിറവേറുന്നത് കാണാൻ കഴിയുന്നുണ്ട്. ആഗോളവത്ക്കരണത്തിന്റെയും, മത്സരാധിഷ്ഠിത വിപണിയുടെയും പുതിയ കാലഘട്ടത്തിൽ മനുഷ്യൻ നിലനില്പിനുവേണ്ടി പുതിയ മേച്ചിൽപ്പുറങ്ങൾ തേടുമ്പോൾ അഭിമുഖീകരിക്കുന്ന അതിജീവനപ്രശ്നം ഗുരുതരമാണ്. നവാധിനിവേശം കടലുപോലെ പരക്കുമ്പോൾ എല്ലാ ലഘു ആഖ്യാനങ്ങളും അതിൽ ലയിച്ച് സ്വത്വനഷ്ടരായി മാറുന്ന കാഴ്ച്ചയാണ് വർത്തമാനകാല എഴുത്തിനെ ശ്രദ്ധേയമാക്കി മാറ്റാൻ കഴിഞ്ഞത്. അതിന്റെ പ്രതിധ്വനി ബെന്യാമിൻ കൃതികളിലും നിഴലിക്കുന്നതായി കാണാൻ കഴിയും.

## 2.1 അൽ- അറേബ്യൻ നോവൽ ഫാക്ടറി

അറേബ്യൻ രാജ്യത്തെ ഇളക്കിമറിച്ച മുല്ലപ്പൂവിപ്ലവത്തെ കേന്ദ്രീകരിച്ചുള്ള രണ്ടു നോവലുകൾ എന്ന പുതുമയോടെ ബെന്യാമിൻ സൃഷ്ടിച്ചെടുത്ത രണ്ടു നോവലുകളാണ് "അൽ- അറേബ്യ്ൻ നോവൽ ഫാക്ടറിയും, മുല്ലപ്പുനിറമുള്ള പകലുകളും". ഏറെ വ്യത്യസ്തത പുലർത്തുന്ന ആഖ്യാനശൈലിയിൽ ,കഥയ്ക്കുള്ളിലെ കഥയുമായി കടന്നുവന്ന നോവലുകളാണ് ഇവ. ഏറെ സ്വപ്നങ്ങളുമായി അറേബ്യൻ

നഗരത്തിൽ വന്നുപെടുന്ന ഒരു മലയാളി അനുഭവിക്കുന്ന ദുരന്തങ്ങളുടെ തീവ്രത ഈ നോവലിൽ തീക്ഷണമായി അവതരിപ്പിച്ചിട്ടുണ്ട്. അൽ-അറേബ്യൻ നോവൽ ഫാക്ടറിയിലെ 'പ്രധാന കഥാപാത്രമായ പ്രതാപന്റെ നഗരത്തിലേക്കുള്ള യാത്രയിൽ' പഴയ സുഹൃത്തിനെക്കുറിച്ചുള്ള ഓർമ്മകൾ കടന്നുവരുമ്പോൾ അനുഭവങ്ങൾ ഒന്നും തേടിപ്പോകേണ്ടതില്ല. അത് തന്നെ തേടി വന്നു കൊള്ളും എന്ന വിശ്വാസമാണ് കാണാൻ കഴിയുന്നത്. ഹോട്ടലിൽ എത്തിച്ചേർന്ന അദ്ദേഹം ഇ-മെയിൽ സെർച്ച് ചെയ്യുന്നതോടെയാണ് സംഭവങ്ങളുടെ ചുരുളഴിയുന്നത്. പ്രതാപന്റെ സുഹൃത്തായ എഡ്വിൻ സ്ത്രീകളെ സമരമുഖത്ത് എത്തിക്കുമ്പോൾ, അവിടുത്തെ നിയമവ്യവസ്ഥയുടെ ലംഘനമായി വിമർശിക്കപ്പെടുന്നു. അതിന്റെ അപമാനഭാരം പേറിക്കൊണ്ട് മേയറുടെ ഓഫീസിന് മുൻപിൽ സ്വയം കത്തി മരിക്കുന്ന ജാസ്മിൻ. എന്നാൽ തന്റെ ആത്മാഹുതി കൊണ്ട് ഒരു വലിയ മാറ്റത്തിനാണ് തുടക്കമിട്ടത്. ആകാംക്ഷാഭരിതമായ മുഹൂർത്തങ്ങളിലൂടെയാണ് ഈ നോവൽ മുന്നോട്ട് കടന്നുപോകുന്നത്.

കാലത്തിന്റെ മാറ്റം വായനക്കാരനെ ചിന്തിപ്പിക്കുന്ന തരത്തിലാണ് നോവലിസ്റ്റ് "അൽ അറേബ്യൻ

നോവൽ ഫാക്ടറി” എന്ന നോവലിന്റെ ആരംഭംക്കുറിച്ചിരിക്കുന്നത്. ഒരു വിദേശ നോവലിസ്റ്റിനു നോവലെഴുതുന്നതിനുള്ള വിവരണ ശേഖരണത്തിനായി ജേണലിസ്റ്റിനെ ഏല്പിക്കുന്നു. ഈ നോവലിലെ പ്രധാന പത്രാധിപനായ ജെയിംസ്ഹോഗൻ അദ്ദേഹത്തിന്റെ സഹപ്രവർത്തകനായ മി. പ്രതാപിനോട് പറയുന്നു. “ഒരു ഇന്ററർനാഷണൽ റൈറ്റർ അദ്ദേഹത്തിന്റെ പുതിയ പുസ്തകത്തിനുള്ള വിഷയ പഠനത്തിനു നമ്മളെയാണ് ഇത്തവണ സമീപിച്ചിരിക്കുന്നത് .എന്ന് നിനക്കറിയമല്ലോ ലോകത്തിലെ എല്ലാ ബെസ്റ്റ്സെല്ലേഴ്സിനും അവരവരുടെ സ്വന്തം സ്റ്റഡി ടീമുകളുണ്ട്. അവരെഴുതാനാഗ്രഹിക്കുന്ന വിഷയങ്ങളെക്കുറിച്ച് പഠനങ്ങളും, ആധികാരിക രേഖകളും, ചരിത്രവും, ഭൂമിശാസ്ത്രവുമൊക്കെ എത്തിച്ചു കൊടുക്കണം”. ഈ നോവലിനെ വെറും ഫിക്ഷ്ണൽ ആയി കാണാൻ കഴിയില്ല. ഇവിടെ വിപുലവും വിശാലവുമായ ഒരു ലോകം അതിരുകളൊ, നിയന്ത്രിക്കാൻ എഡിറ്ററോ, ബ്ലൂപെൻസിലുകളോ ഇല്ലാത്തലോകം. “ജാഗ്രതയാർന്ന റിയലിസമാണ് ഭാവികാലത്തിന്റെ എഴുത്ത് ”. എന്ന് വർഷങ്ങൾക്ക് മുൻപ് കെ. പി. അപ്പൻ പ്രവചിച്ചതിന്റെ പൂർത്തീകരണം കൂടിയായിരുന്നു ഇത്.

എന്നാൽ അപ്രതീക്ഷിതമായി ഇന്റർനാഷണൽ റൈറ്റർ ഈ പ്രൊജക്ട് ഏറ്റെടുക്കാതെ ഉപേക്ഷിച്ചുകളഞ്ഞു. അത് എഡ്വിൻ, കഥാകൃത്തിനെ മെയിൽ ചെയ്ത് അറിയിച്ചപ്പോൾ അദ്ദേഹത്തിനുണ്ടായ സങ്കടം സഹിക്കാവതായിരുന്നില്ല. അത്രയ്ക്കും നോവലിനു വേണ്ടി ജീവിതം സമർപ്പിച്ചിരുന്നു. അതെല്ലാം പാഴായിപ്പോയല്ലോ എന്ന വിചാരം ദിവസങ്ങളോളം അദ്ദേഹത്തെ വേദനിപ്പിച്ചിരുന്നു. നഗരത്തിലെ ജീവിത്തിൽ നിന്നു ഒരുപാട് നിഗൂഢതകൾ കണ്ടെത്താൻ സാധിക്കുകയും അതിന്റെ ഉറവിടം തേടിയുള്ള യാത്ര് യിൽ കണ്ടുമുട്ടിയ സുഹൃത്തുക്കളിൽ നിന്നു അറബ് നഗരത്തിന്റെ നഗ്നയാഥാർത്ഥ്യങ്ങളിൽ ചെന്നെത്തുകയായിരുന്നു. അങ്ങനെയാണ് സമീറ പർവീണിന്റെ ഈ പുസ്തകം പരിഭാഷപ്പെടുത്തുവാനുള്ള അവകാശം നോവലിസ്റ്റിനു കിട്ടുന്നത്. അതിനോടൊപ്പം തന്നെ അൽ-അറേബ്യൻ നോവൽ ഫാക്ടറി എന്നൊരു സൃഷ്ടിയും കടന്നുവന്നു.

## 2.2 മുല്ലപ്പൂനിറമുള്ള പകലുകൾ

. ആഗോളവല്ക്കരണത്തിന്റെ അലയൊലി സമൂഹത്തിൽ പടർത്തിയ പ്രതീക്ഷയുടെ കാലത്തിലാണ് ഉത്തരാധുനിക സാഹിത്യം പിറവിയെടുക്കുന്നത് .ആഗോളവല്ക്കരണം നമ്മുടെ സമൂഹത്തെ ഗുണ പ്രദമായ രീതിയിൽ അഴിച്ചു പണിയുമെന്നും യുവത്വത്തെ മാറ്റി മറിക്കുമെന്നും ഭൂരിപക്ഷം ചെറുപ്പക്കാരും വിശ്വസിച്ചിരുന്നു. ഈ വിശ്വാസം അറബ്ജനതയിലും ഉടലെടുത്തു. അറേബ്യൻ സ്ത്രീകൾ മാധ്യമലോകത്തിലേക്ക് കൈപിടിച്ചു കടന്നു വന്നത് ഒരു വെല്ലുവിളിയോടു കൂടിയാണ്. മനുഷ്യർ തമ്മിലുള്ള പരസ്പര സംവേദനത്തിന്റെ രീതികൾക്ക് സമൂലമാറ്റം വന്നു. അതുവരെ ഒരാൾക്കും കാണാൻ കഴിയാതിരുന്ന ഒരു പ്രതിസന്ധി തന്നെ ഉരുവപ്പെട്ടു. സമൂഹത്തിൽ പുതിയ സംഘർഷങ്ങൾ, പുതിയ ആകുലതകൾ, പുതിയ വ്യഥകൾ പുതിയ ജീവിതാവസ്ഥകൾ ഒക്കെ ഉണ്ടായി. ഇത് സാഹിത്യത്തിന് വലിയ സാധ്യതകൾ തുറന്നു വെച്ചു. അറേബ്യൻ പ്രവാസം അനുഭവപ്പെടുന്ന ഒരെഴുത്തുകാരനു മാത്രമെ അതിനെ പൂർണ്ണാർത്ഥത്തിൽ ആവിഷ്ക്കരിക്കാൻ സാധിക്കുകയുള്ളു. ഈ അവസ്ഥയെ പൂർണ്ണമായും ഉൾക്കൊണ്ടു കൊണ്ട് എഴുതിയ നോവലാണ് മുല്ലപ്പൂനിറമുള്ള പകലുകൾ. സമീറ പർവീൺ എന്ന യുവതിയുടെയും

അവളുടെ ജാവേദിന്റെയും ജീവിതത്തിലേക്ക് അറബ്സാമ്രാജ്യത്തിന്റെ ആഭ്യന്തര കലഹങ്ങളും രാഷ്ട്രീയ അനിശ്ചിതത്വവും പശ്ചാത്തലമാക്കിയാണ് ഈ നോവൽ മുന്നോട്ടു പോകുന്നത്.

മുല്ലപ്പൂ നിറമുള്ള പകലുകൾ എന്ന നോവലിനെ വിവാദ നോവലായിട്ടാണ് കാണാൻ കഴിയുന്നത്. ഇതിനെ ചുറ്റിപ്പറ്റിയാണ് അടുത്ത നോവലിന്റെ പ്രമേയം വികസിക്കുന്നത്. നിരോധിക്കപ്പെട്ട ഈ നോവലിനെ തേടി ഒട്ടേറെ വിവാദങ്ങളും, ചർച്ചകളും അതിന്റെ എഴുത്തുകാരിയായ സമീറയെക്കുറിച്ചുള്ള അന്വേഷണം, ഇതെല്ലാം നോവലിന്റെ പ്രമേയത്തെ ശ്രദ്ധേയമാക്കി മാറ്റി. ഇതൊരു അറബ്നഗരത്തിന്റെ കഥയാണ് പ്രവാസ ജീവിതത്തിന്റെ മറ്റൊരവസ്ഥയാണ് ഇതിൽ ദൃശ്യമാകുന്നത്. മുസ്ലീം ജാതി തർക്കങ്ങളും, അറബി വിപ്ലവങ്ങളും ഈ കാലഘട്ടത്തിൽ ശക്തമായി നില്ക്കുന്നതിന്റെ പരിചേചദം കൂടിയാണ് ഇത്. സമീറ പർവീൺ എന്ന ആർ.ജെയുടെ കണ്ണിലൂടെ അറബി വിപ്ലവം വിവരിക്കുന്നു. നമ്മുടെ മനസ്സിനെ മുറിവേല്പിക്കുന്ന വിവരണങ്ങൾ ഇതിലുണ്ട്. ബാബയും തായയും അലിയും സ്ട്രിങ്ങ്വാകെർസും ഇതിന്റെ ബാക്കിപത്രമായി

അവശേഷിക്കുന്നു. വർത്തമാനകാലത്തെ വെല്ലുവിളിച്ച് മുന്നോട്ടു പോകുന്ന പുതിയ തലമുറയുടെ പ്രതിരൂപമാണ് അലി. അറബിയും ഹിന്ദിയും ഇംഗ്ലീഷും ചേർത്തൊരു സങ്കരഭാഷയാണ് അലിയുടേത്. അവന്റെ ജീവിതം അവൻ സമ്പൂർണ്ണമാക്കിയിരുന്നത് അഞ്ച് കാര്യങ്ങളിലൂടേയായിരുന്നു. ഫുട്ബോൾ, ഫേസ്ബുക്ക്, ഗിറ്റാർ, സാൻവിച്ച്, പിന്നെ പെപ്സിയും.

മൂന്നുമാസത്തെ ഇടവേളയ്ക്കുശേഷം സമീറ പർവീൺ എന്ന റേഡിയോ ജോക്കിയായ പാകിസ്ഥാൻ പെൺകുട്ടിയുടെ മൈക്രോഫോണിന്റെ മുന്നിലേക്കുള്ള കടന്നുവരവ് ഒട്ടേറെ പ്രതിസന്ധികളെ തരണം ചെയ്യേണ്ടിവന്നു. തന്റെ സങ്കടങ്ങളൊക്കെയും തന്റെ സ്വാകാര്യതമാത്രമാണെന്ന വിശ്വാസത്തിൽ ശ്രോതാക്കളുടെ മുന്നിൽ ആത്മവിശ്വാസം തുളുമ്പുന്ന വാക്കുകൾ പകർന്നു കൊടുക്കുകയും അവരുടെ കിന്നാരങ്ങൾക്ക് ചെവികൊടുക്കുകയും അവരോട് കുസൃതിചോദ്യങ്ങൾ ചോദിക്കുകയും സർദാർജി തമാശകൾ പങ്കുവെയ്ക്കുകയും അവരെ സന്തോഷിപ്പിക്കുകയും ചിരിപ്പിക്കുകയും ചെയ്യുന്ന ആർ.ജെ. സമീറയുടെ ജീവിതത്തിലൂടെയാണ് മുല്ലപ്പൂനിറമുള്ള പകലുകൾ എന്ന നോവൽ മുന്നോട്ടു പോകുന്നത്.

പ്രവാസജീവിതത്തിന്റെ ദുരിതങ്ങളും അതു പോലെ നോവലിസ്റ്റിന്റെ തീക്ഷണയേറിയ ചിന്താഗതികളും ഈ നോവലുകളെ ആകർഷകമാക്കിമാറ്റി. നവമാധ്യമങ്ങളുടെ കടന്നുവരവ് അറബ്ജനതയിൽ വരുത്തിയമാറ്റങ്ങൾ വിപ്ലവാത്മകമായിരുന്നു. അതിനെ മുൻനിർത്തിയുള്ള അന്വേഷണമായി ഈ നോവലിനു മാറാൻ കഴിഞ്ഞു.

പ്രവാസജീവിതത്തിന്റെ

മറ്റൊരവസ്ഥയാണ് ഇതിൽ ദൃശ്യമാകുന്നത്. ഇരുപത്തിരണ്ടുവർഷക്കാലം പ്രവാസജീവിതത്തിന്റെ ഇരയായി മാറിയ ബാബയിൽ നിന്ന് അറബ്നഗരത്തിന്റെ ഓരോ സ്പന്ദനങ്ങളും തിരിച്ചറിയാൻ

കഴിഞ്ഞ ആർ.ജെ ആയിരുന്നു സമീറ. അവിടെ തൊട്ടടുത്ത നഗരങ്ങളിൽ നടക്കുന്ന സമരങ്ങൾ ഞങ്ങളുടെ നഗരത്തിലേക്കും നടക്കാൻ പോകുന്നു എന്നൊരു വാർത്ത മണൽക്കാറ്റു പോലെ നഗരത്തിൽ പടർന്നു പിടിച്ചു. ഈ നോവലിലെ ശ്രേദ്ധയ കഥാപാത്രമായ അലിയും സംഘവും ഫേസ്ബുക്കിൽ ഒരു ഗ്രൂപ്പ് തന്നെ തുടങ്ങി .അതിലൂടെ അവർ നിരന്തരം സ്റ്റാറ്റസ്സുകളിടുകയും പതിവില്ലാതെ ചർച്ചകൾ സംഘടിപ്പിക്കുകയും വികാരങ്ങൾ പങ്കുവെയ്ക്കുകയും ചെയ്തു .മെജസ്റ്റി ഭരണകൂടം ഷിയവിഭാഗത്തിനോട്

കാണിക്കുന്ന അവഗണന യുവത്വത്തെ രോക്ഷാകുലരാക്കി കൊണ്ടു പോകുവാനേ സാധിക്കുകയുള്ളു .അതു കൊണ്ടു തന്നെ അലി സമീറയോട് ചോദിക്കുന്ന ഓരോ ധ്വനിയിലും പ്രതിഷേധം ശക്തമായിരുന്നു. '.ലോകത്തിലെവിടെയുമുള്ള ബുദ്ധിശുന്യരുടെ ചോദ്യമാണിത് പണമുള്ളവൻ എന്തിനാണ് സമരം ചെയ്യുന്നതെന്ന്. പണത്തിനു വേണ്ടിയാണോ ഈ ലോകത്തിലെ സമരങ്ങളെല്ലാം. 'എന്നാൽ ഇതെല്ലാം വേണ്ടുവോളമുണ്ടായിട്ടും ഷിയയായി പോയതു കൊണ്ടുമാത്രം പലർക്കും പൌരത്വമില്ല. പൌരവകാശനിയമങ്ങൾ ബാധകമല്ല. അറേബ്യൻ രാജ്യത്തെ ഏറ്റവും വലിയ വ്യവസായ ഖനിയായ 'എണ്ണ' ഉത് പന്നങ്ങൾ അധികാര വർഗ്ഗത്തെ സമ്പന്നമാക്കി. അവരുടെ അതിരിൽ കവിഞ്ഞ സ്വത്തിൽ നിന്ന് ചില എല്ലിൻ കഷണങ്ങൾ ജനങ്ങൾക്ക് എറിഞ്ഞു കൊടുക്കാനും അവർക്ക് സാധിച്ചു. അതോടെ ജനങ്ങളെ അടിമത്വത്തിന്റെ പാതയിലേക്ക് നയിക്കുന്നതിനുള്ള അവസരമായി മാറി. കാലം ആ ജനതയെ ഉണർന്നു ചിന്തിപ്പിക്കാൻ പ്രേരിപ്പിച്ചു. അതോടെ വിപ്ലവം പൊട്ടിപുറപ്പെട്ടു. ചില തൊഴിൽ മേഖലകളിലേക്ക് പ്രവേശനമില്ല. വിദേശയാത്രകൾ ചെയ്യാൻ അവകാശമില്ല. ഒരു ഷിയയ്ക്ക് എവിടെയും എത്തുന്നതിനായി പരിധി

നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ ഇതിലെ പ്രമേയം അവിടത്തെ ജനങ്ങളുമായോ ജീവിതവുമായോ യാതൊരു ബന്ധവുമില്ല. എങ്കിലും ചരിത്രയാഥാർത്ഥ്യങ്ങളുമായി ചില പൊരുത്തങ്ങൾ കാണാനും കഴിയുന്നുണ്ട്, പുതിയ ജീവിതാവസ്ഥകൾ ഒക്കെയുണ്ടായി. ഇതു സാഹിത്യലോകത്തിന് വലിയ സാധ്യതകൾ തുറന്നുവച്ചു. അറേബ്യൻ പ്രവാസം അനുഭവപ്പെടുന്ന ഒരെഴുത്തുകാരന്മാത്രമെ അതിനെ പൂർണ്ണാർത്ഥത്തിൽ ആവിഷ്ക്കരിക്കാൻ സാധിക്കുകയുള്ളു. ഈ അവസ്ഥയെ പൂർണ്ണമായും ഉൾക്കൊണ്ട് എഴുതിയ ഇരട്ട നോവലാണ് "മുല്ലപ്പൂ നിറമുള്ള പകലുകളും" "അൽ അറേബ്യൻ നോവൽഫാക്ടറിയും".

## 2.3 മഞ്ഞവെയിൽ മരണങ്ങൾ

ഉത്തരാധുനികത പരാജയപ്പെട്ട ഇടങ്ങളിൽ നിന്ന് പിടിച്ചു കയറുവാൻ ജീവിതങ്ങളെ ആഴത്തിൽ അടയാളപ്പെടുത്തുകയും ഭാഷയുടെ അതിഭാവുകത്വം നിറഞ്ഞ എച്ചുകെട്ടലുകൾ അഴിച്ചു കളയുകയാണ് വേണ്ടത് എന്ന പുതിയ എഴുത്തുകാരന്റെ ബോധ്യങ്ങളുടെ ഫലമായി കടന്നു വന്ന നോവലാണ് "മഞ്ഞവെയിൽമരണങ്ങൾ" . സൈബർ സ്പേസിന്റെ വമ്പിച്ച സ്വാധീനം ശക്തമായി തന്നെ ഇതിൽ

കടന്നു വരുന്നുണ്ട്. ഇപ്പോഴത്തെ സമൂഹത്തിൽ റിയാലിറ്റി എന്താണെന്നു ചോദിച്ചാൽ വാട്സ്ആപ്പ്, ഫേസ്ബുക്കും, ടിറ്ററും ഒക്കെയാണ്. ഫേസ്ബുക്ക് അക്കൌണ്ടില്ലാത്ത ഒരു കഥാപാത്രത്തെപ്പോലും സങ്കല്പ്പിക്കാൻ പറ്റാത്ത ലോകമാണ് ഇന്നുള്ളത്. ലോകത്തെമ്പാടുമുള്ള കുടിയേറ്റക്കാരുടെ അനുഭവങ്ങൾ പങ്കുവെയ്ക്കുന്ന വേദിയായി പ്രവാസലോകപോർട്ടൽ മാറണമെന്നാണ് പ്രവാസികളായ ഞങ്ങളുടെ ആഗ്രഹമെന്ന് നിബു എന്ന കഥാപാത്രം ഒരഭിമുഖം` അവസാനിപ്പിക്കുമ്പോൾ പറയുന്നുണ്ട്. ഇതു ഏതൊരു പ്രവാസിയുടെയും സ്വപ്നമാണ്. ഇ-മെയിലുകളുടെ സമാഹാരമെന്ന രീതിയൽ പോലും കഥ വ്യതിചലിക്കുന്നത് കാണാൻ കഴിയും. പവിഴപ്പുറ്റ് ദ്വീപ് സമൂഹമായ ഡീഗോഗാർഷ്യയിലും കേരളത്തിലുമായി നടക്കുന്ന ഉദ്വേഗജനകമായ നിമിഷങ്ങളെ മുൻനിർത്തി അവതരിപ്പിച്ച നോവലാണ് 'മഞ്ഞവെയിൽമരണങ്ങൾ' മനുഷ്യന്റെ ധർമ്മബോധത്തെ പരീക്ഷണവിധേയമാക്കണമെങ്കിൽ അവനെ പ്രതിസന്ധിയിലേക്ക് പ്രവേശിപ്പിക്കണം. അതേ സമയം അവർക്ക് സ്വന്തമായ അസ്തിത്വവും, വ്യക്തിത്വവും ഉണ്ടായിരിക്കണം. അതിനാൽ പുതിയകാലാനുഭവങ്ങളെ മുൻനിർത്തി അവതരിപ്പിച്ചതിനാൽ ഉത്തരാധുനിക

സാഹിത്യലോകത്തിന് മുതൽക്കൂട്ടായി മാറാൻ മഞ്ഞവെയിൽ മരണങ്ങൾക്ക് കഴിഞ്ഞു.

ക്രിസ്തി അന്തപ്പേർ അയച്ചു കൊടുത്ത ഡയറിക്കുറുപ്പുകളുടെ പശ്ചാത്തലത്തിൽ കഥ മുന്നോട്ടു നീങ്ങുമ്പോൾ തികച്ചും ഉദ്വേഗജനകവും, വർത്തമാനജീവിതത്തിന്റെ സംഘർഷങ്ങൾ പേറുകയും ആത്മാർത്ഥമായ സംശയങ്ങൾ പ്രകടിപ്പിക്കുകയും ചെയ്യുന്ന ഒരു കൂട്ടം കഥാപാത്രങ്ങളെ കാണാൻ കഴിയും. അകാലത്തിൽ നടന്ന രണ്ടു മരണവും അതിനെ തുടർന്നുള്ള അന്വേഷണവും അനുവാചകരിൽ ഒട്ടേറെ സങ്കീർണ്ണതകൾ സൃഷ്ടിക്കാൻ നോവലിസ്റ്റിനു കഴിഞ്ഞു. വില്യാർവട്ടം സ്വരൂപവും, ആയിരം വർഷത്തോളം പഴക്കമുള്ള അതിന്റെ ചരിത്രവും, പോർച്ചുഗീസുകാരുടെ ആഗമനത്തോടെ നേരിടേണ്ടി വന്ന വെല്ലുവിളികളും പിന്നീട് അതു പരിണമിച്ച് വല്യേടത്ത് വീടായി മാറി എന്ന ചരിത്രപശ്ചാത്തല സൂചനകളും ഈ നോവലിനെ ആകർഷഭദ്രമാക്കിമാറ്റി. വല്യേടത്ത് വീടും അവിടെ നടക്കുന്ന ആചാരങ്ങളും സമകാലിക യാഥാർത്ഥ്യത്തോടെയാണ് കഥാകൃത്ത് അടയാളപ്പെടുത്തിയിരിക്കുന്നത്.

നോവലിന്റെ ആമുഖത്തിൽ സൂചിപ്പിച്ചതു പോലെ അപ്രതീക്ഷിതമായി നോവലിസ്റ്റിന് ഒരു ഈ-മെയിൽ സന്ദേശം കിട്ടുന്നു. ഐഡിന്റിറ്റി വെളിപ്പെടുത്താതെ കടന്നുവന്ന ആ സന്ദേശത്തിന് നോവലിസ്റ്റ് ഗൌരവവും പ്രാധാന്യവും കൊടുത്തില്ല. എങ്കിലും ആത്മകഥാരൂപത്തിലുള്ള ആ സന്ദേശം വിരസത കടന്നു വന്ന നിമിഷത്തിൽ മനസ്സിലേക്ക് കടന്നു വരികയും, എന്താണയാളുടെ ആത്മകഥ എന്നറിയാനായി ഇൻബോക്സ് തപ്പി അറ്റാച്ച്മെന്റ് ഡൌൺലോഡ് ചെയ്യുന്നു. പേജുകളുടെ എണ്ണവും കഥാപാത്രങ്ങളുടെ എണ്ണവും പരിഗണിക്കുമ്പോൾ ബെന്യാമിന്റെ മറ്റു നോവലുകളെ അപേക്ഷിച്ച് വലുതാണ് മഞ്ഞവെയിൽമരണങ്ങൾ. മെൽവിന്റെ മരണാനന്തര ചടങ്ങിനായി ഡീഗോഗാർഷ്യയിൽ നിന്നെത്തുന്ന കഥാകൃത്ത് ചടങ്ങുനടക്കുന്ന ഉദയംപേരുരിലൂള്ള വല്യേടത്ത് തറവാട്ടിലേക്ക് കടന്നു ചെന്നപ്പോൾ ഒട്ടേറെ സംഘർഷങ്ങളെ തരണം ചെയ്യേണ്ടിവന്നു. കനിഞ്ഞാൽ അനുഗ്രഹം വാരിച്ചൊരിയുകയും ദ്വേഷിച്ചാൽ കോപം കൊണ്ട് ജ്വലിക്കുന്നവളുമായ തൈക്കാട്ടമ്മയെ ആരാധിക്കുകയും വെച്ചുസേവ വെച്ചു പുലർത്തുന്നതുമായ തറവാടായിരുന്നു വല്യേടത്ത് തറവാട്. അവിടത്തെ ഓരോ നിമിഷവും നിഗൂഢതകളിലൂടെ മാത്രം കടന്നുപോകുന്നതായി

നോവലിസ്റ്റിന് അനുഭവപ്പെടുന്നു. വല്ല്യേടത്ത് തറവാട്ടിലെ അന്ധവിശ്വാസങ്ങളിൽ നിന്നും അനാചാരങ്ങളിൽ നിന്നും രക്ഷപെടാൻ ശ്രമിക്കുന്ന മെൽവിന്റെ മരണം ദുരൂഹത നിറഞ്ഞതായിട്ടാണ് വായനക്കാർക്ക് തോന്നുന്നത്.

ഒരു ദുരന്തകഥാപാത്രത്തിന്റെ ആത്മക്ഷോഭങ്ങളും ഇടയിൽ തെളിയുന്ന സ്നേഹത്തിന്റെയും കടപ്പാടുകളുടെയും ആർജ്ജവവും കഥാകൃത്തിന്റെ മനസ്സിൽ ആകാംക്ഷ വർദ്ധിപ്പിച്ചു. ഈ നോവലിലെ ഓരോ കഥാപാത്രവും കഥാപാത്രം എന്ന നിലയ്ക്കല്ല മറിച്ച് വിവിധങ്ങളായ ആശയങ്ങളുടെ സംവാഹകർ എന്ന നിലയ്ക്കാണ് പരിഗണിക്കപ്പെടുന്നത്. മറ്റൊരർത്ഥത്തിൽ ഈ നോവലിലെ കഥാപാത്രങ്ങളോരോന്നും അവരവരുടേതായ ആശയസ്ഥലത്ത് നിന്ന് സംസാരിക്കുന്നവരാണ്.

'മഞ്ഞവെയിൽമരണങ്ങൾ'

'എന്ന നോവലിൽ നോവലിസ്റ്റ് ഉന്നം വയ്ക്കുന്നത് ഏകമുഖമായ ആശയത്തിന്റെ അവതരണമല്ല. മറിച്ച് അനവധി കഥാപാത്രങ്ങളെ ഉൾപ്പെടുത്തിയുള്ള ബഹുമുഖ ആശയമാണ് മുന്നോട്ട് വയ്ക്കുന്നത്. ഡീഗോഗാർഷ്യയിലും കേരളത്തിലുമായിട്ടാണ് ഈ കഥ മുന്നോട്ട് പോകുന്നത്. ശ്രീലങ്കൻ വംശജനായ സെന്തിലിന്റെയും മലയാളിയായ

മെൽവിന്റെയും മരണം, അതിൽ നിറഞ്ഞു നില്ക്കുന്ന ദുരൂഹതകളും അതിന്റെ സത്യാവസ്ഥ തേടിയുള്ള കഥാകൃത്തിന്റെ യാത്രയും ഈ നോവലിനെ ഉദ്വേഗജനകമാക്കുന്നു. ഉതിയൻ ചേരൻ തമിഴർ കഴകത്തിന്റെ പ്രധാന വ്യക്തികളിൽ ഒരാളായ സെന്തിലിന്റെ മരണം തെളിവുകളുടെ അഭാവത്തിൽ ദുരൂഹത പിന്തുടരുകയാണ്. ഡീഗോയിലെ വെടിവെപ്പിൽ മരിച്ച സെന്തിലിന്റെ മരണവാർത്ത കാർഡിയാക് അറസ്റ്റാണെന്ന് ബോധിപ്പിക്കാൻ ശ്രമിക്കുമ്പോൾ, അതിന്റെ യാഥാർത്ഥ്യം മനസ്സിലാക്കിയ കഥാകൃത്ത് അവന്റെ വീട്ടിൽ ചെന്ന് എല്ലാ വിവരവും ശേഖരിച്ച് ഒരു യു.എസ്.ബിയുമായി തിരിച്ചു വരുന്നു. സെന്തിലെന്ന വ്യക്തിയെക്കുറിച്ചും അവന്റെ യു.എസ്.ബി.യിലെ ചിത്രങ്ങളെക്കുറിച്ചും മറ്റൊരു നിഗമനത്തിലേക്ക് കഥ വ്യതിചലിക്കുകയാണ്. പോണോഗ്രാഫി സൈറ്റുകളിൽ നിരന്തരം കയറാറുള്ള സെന്തിൽ അതിനോടുള്ള ആകാംക്ഷ കൊണ്ടായിരുന്നില്ല. .ലോകത്തെവിടെയുമുള്ള തീവ്രവാദികൾ ഈ കാലത്തെ രഹസ്യ സന്ദേശങ്ങൾ കൈമാറാൻ ഉപയോഗിക്കുന്ന ഏറ്റവും സുരക്ഷിതമായ വേദിയാണ്അശ്ലീലസൈറ്റുകൾ. അവയ്ക്കുള്ളിലെ ചിത്രങ്ങളിൽ ആരുമറിയാതെ തങ്ങളുടെ രഹസ്യങ്ങൾ എംബ്ഡ് ചെയ്ത്

വയ്ക്കുന്നു. ലോകത്തിൽ എവിടെയിരുന്നുകൊണ്ടു വേണമെങ്കിലും സുരക്ഷിതമായി വീക്ഷിക്കാം. അവ നല്കുന്ന രഹസ്യ സന്ദേശങ്ങൾ മനസ്സിലാക്കാം. അതിനാൽ ഇതിന്റെയെല്ലാം കണ്ണിയിൽപ്പെട്ടതാണോ സെന്തിൽ എന്ന ചോദ്യം അവശേഷിക്കുകയാണ്.

നമ്മുടെ നാടിന്റെ വർത്തമാനകാലാവസ്ഥ ഈ നോവലിനെ കൂടുതൽ ആഴമുള്ളതാക്കുന്നു. അസഹിഷ്ണുതയുടെയും വേർതിരിവുകളുടെയും പുതിയ വാർത്തകൾ നാം ഓരോ ദിവസവും വായിക്കുന്നു. യഥാർത്ഥ സംഭവത്തിൽ നിന്നാണ് “മഞ്ഞവെയിൽ മരണങ്ങൾ” എന്ന നോവൽ രൂപപ്പെടുത്തിയിരിക്കുന്നത് എന്ന് സൂചിപ്പിച്ച നോവലിസ്റ്റ് വർത്തമാനകാല സംഭവങ്ങളെ ജാഗ്രതയോടെ വീക്ഷിക്കുന്നുണ്ടെന്ന് മനസ്സിലാക്കാം.

## 2.3 അക്കപ്പോരിന്റെ ഇരുപത് നസ്രാണി വർഷങ്ങൾ

സാമൂഹികവും,സാംസ്ക്കാരികവും,രാഷ്ട്രീയവും, മതപരവുമായ വീക്ഷണങ്ങളിലൂടെ കടന്നുപോകുമ്പോഴാണ് ഒരു സാഹിത്യകൃതി ജീവിതമാണെന്ന അവബോധം

വായനക്കാരിൽ ഉണർത്തുന്നുള്ളു. ചരിത്രസംഭവങ്ങളെ കേന്ദ്രീകരിച്ചെഴുതുന്ന നോവലുകളാണ് ചരിത്രനോവലുകൾ. ക്രൈസ്തവ സമുദായത്തിലെ സഭാവഴക്കിന്റെ പശ്ചാത്തലത്തിൽ രചിച്ച നോവലാണ് "അക്കപ്പോരിന്റെ ഇരുപത് നസ്രാണിവർഷങ്ങൾ". മാന്തളിർ ഇടവകയും അതിന്റെ വിശുദ്ധ ആരാധനാലയമായ സെന്റ്. തോമസ് യാക്കോബായ സുറിയാനിപ്പള്ളിയും അതിനെ തങ്ങളുടെ വിശ്വാസത്തിൻ കീഴിൽ നിർത്താൻ പോരാടുന്ന പാത്രിയാർക്കീസുകാരും. ഈ സാഹചര്യത്തിൽ മാന്തളിർ ദേശത്തെ സംഘർഷാവസ്ഥ മുറുകികൊണ്ടിരുന്നു. പാത്രിയാർക്കീസുക്കാരെ ഇവിടെ കാലുകുത്തിക്കാൻ പോന്ന ഒരു പരിപാടിക്ക് ഇനി നിന്നുകൊടുക്കില്ലെന്ന് തോമാശ്ലീഹായെ പിടിച്ചാണയിട്ടുകൊണ്ട് ആശ്രമത്തെ മാന്തളിർകുഞ്ഞുഞ്ഞ്. കേസില്ല, വഴക്കില്ല, വക്കാലത്തില്ല. കുഞ്ഞൂഞ്ഞിന്റെ മാന്തളിർ ജീവിതം അയൽ വക്കത്തുള്ള പിള്ളാരോടൊപ്പം ഹർജി എഴുതി ഉല്ലസിച്ചിടുന്ന കാലത്താണ് മലങ്കരയിൽ പുതിയൊരു കക്ഷിവഴക്കിന്റെ സൂര്യോദയവുമായി അന്ത്യോഖിയിൽ നിന്നും പാത്രിയാർക്കീസ്ബാവയുടെ പ്രശസ്തമാം 203-ആം കല്പന വരുന്നത്. അതോടെ മലങ്കര സഭാ തർക്കത്തിൽ പുതിയ പോർവിളികൾ മുഴങ്ങി. ആലസ്യം പൂണ്ട്

കിടന്നിരുന്ന ജനങ്ങൾ കലഹത്തിലേക്ക് ഉണർന്നു. ആകമാന മലങ്കരസഭയ്ക്കൊപ്പം മാന്തളിരിലെ വെള്ളവും കലങ്ങി. പള്ളിയും അത് നില്ക്കുന്ന സ്ഥലവും തങ്ങൾക്ക് പന്തളം രാജാവിൽ നിന്ന് തീറാധാരം കിട്ടിയതാണെന്ന് മാന്തളിർ മത്തായി, എന്നാൽ ഈ സ്ഥലവും പള്ളിയും സഭ ഏകമായിരുന്ന കാലത്ത് കാത്തോലിക്കബാവയ്ക്ക് എഴുതിക്കൊടുത്താണെന്നും അത് എതെങ്കിലും ഒരുവിഭാഗത്തിന്റെയോ കുടുംബത്തിന്റെയോ സ്വന്തമാണെന്നു വാദിക്കുന്നതിൽ ഒരു കഴമ്പുമില്ലെന്ന് നെടിയകാല മറ്റു ചില തെളിവുകൾ ഹാജരാക്കി വാദിച്ചു.

പ്രമാണഗ്രന്ഥമായ ബൈബിളും ക്രിസ്തീയ പാരമ്പര്യവും ഉന്നയിക്കുന്ന വിധിനിഷേധങ്ങളുടെ വഴിത്താരയിലൂടെയാണ് മുഖ്യകഥാപാത്രങ്ങളുടെ വ്യക്തിത്വം കടന്നുപോകുന്നത്. ക്രിസ്ത്യൻ സമുദായത്തിലുണ്ടായ സഭാപിളർപ്പും, പുതിയ നിയമങ്ങളും ചരിത്രത്തിന്റെ ഏടുകളിൽ പതിക്കപ്പെട്ടവയായിരുന്നു. ഈ സംഭവത്തെ കേന്ദ്രീകരിച്ചാണ് “അക്ക്പ്പോരിന്റെ ഇരുപത് നസ്രാണി വർഷങ്ങൾ” എന്ന നോവൽ മുന്നോട്ട് പോകുന്നത്. ചരിത്രനോവലുകൾക്ക് ജീവിത സങ്കല്പങ്ങളുടെ മജ്ജയും മാംസവും നൽകി വികാരതീക്ഷ്ണതയോടെ ആവിഷ്ക്കരിച്ചാലേ

ചരിത്രനോവലുകൾക്ക് ഉൾക്കരുത്തുണ്ടാകു എന്ന് തെളിയിക്കാൻ ബെന്യാമിന് ഈ നോവലിലൂടെ കഴിഞ്ഞു,.

## 2.4 അബീശഗിൻ

സത്യവേദ പുസ്തകത്തിലെ മൌനങ്ങളിൽ നിന്ന് വികസിപ്പിച്ചെടുത്ത പ്രണയകഥ എന്ന രീതിയിൽ ഇതിവൃത്തപശ്ചാത്തലം നെയ്തെടുത്ത കഥയാണ് അബീശഗിൻ. ഒരു സ്ത്രീയോടൊപ്പം ശയിക്കേണ്ടത് ശരീരം കൊണ്ടല്ല മനസ്സുകൊണ്ടാണ് എന്ന വചനം അനേകം പ്രതിദ്ധ്വനികളോടെ ''അബീശഗിൻ" എന്ന നീണ്ടകഥയുടെ ആഴങ്ങളിൽ നിന്ന് പുറപ്പെടുന്നു. .പാപപുണ്യങ്ങളെപ്പറ്റിയും വിധിനിഷേധത്തെപ്പറ്റിയും അവർക്കു നിയത സങ്കല്പങ്ങളുണ്ട്. പ്രലോഭനങ്ങളിൽ ചെന്നു വീഴാതിരിക്കാൻ അവർ ശ്രദ്ധിക്കുന്നുണ്ട്. ബെന്യാമിൻ എന്ന എഴുത്തുകാരന്റെ ഭാവനയുടെ മൂർത്തീമത്ഭാവമായി മാറുകയായിരുന്നു ഈ നോവൽ. ബൈബിൾ കഥയുടെ പശ്ചാത്തലത്തിൽ ഒരു പുനർവ്യാഖ്യാനം അടയാളപ്പെടുത്താൻ ശ്രമിച്ചിരിക്കുകയാണ് ഇതിലൂടെ.

ആവിഷ്ക്കാരരീതിയുടെ കാര്യത്തിൽ മലയാളത്തിലെ ഒറ്റപ്പെട്ട നോവലാണിതെന്നു പറയാം.

“സത്യവേദപുസ്തകത്തിലെ മൌനങ്ങളിൽ നിന്ന് കാലതിവർത്തിയായ ഒരു പ്രണയകഥ നെയ്തെടുക്കുമ്പോൾ തന്നെ രതി, അധികാരം എന്നീ ജീവിത സമസ്യകളെക്കൂടി പ്രണയമെന്ന പൊരുളിനോട് ചേർത്തു വയ്ക്കുന്നതിനാൽ പല മാനങ്ങളിലുള്ള പാരായണം ഈ കൃതി സാധ്യമാക്കുന്നു”. ശാലോമോൻ രാജാവ് ലബനോനിലെ മരം കൊണ്ട് തനിക്കൊരു പല്ലക്ക് നിർമ്മിച്ചപ്പോൾ അതിന്റെ അന്തർഭാഗം യെരുശലേംപുത്രിമാരുടെ പ്രേമം കൊണ്ട് ശ്രദ്ധേയമായി മാറിയെന്ന് ഉത്തമഗീതങ്ങളിൽ ഒന്നിൽ പറയുന്നുണ്ട്. .അതിനെക്കാൾ ഉദാത്തമായ പ്രണയമായിട്ടാണ് ശാലോമോന്റെയും അബീശഗിന്റെയും പ്രണയത്തെ ബെന്യാമിൻ ആവിഷ്ക്കരിച്ചിരിക്കുന്നത്. ശാലോമോന് അബീശഗീനോടുള്ള പ്രണയം വാക്കുകൾക്കതീതമാണ്. അവൾക്കു വേണ്ടിയായിരുന്നു അക്രോത്തിലെ മുന്തിരിത്തോട്ടത്തിൽ രാത്രികളെ പകലാക്കിമാറ്റി കിന്നരം മീട്ടി അവൻ പ്രണയഗീതങ്ങൾ ആലപിച്ചത്.

ശാലോമോന്റെ കൌമാരത്തിൽ ലോകത്തിലെ ഏറ്റവും മാധുര്യമേറിയ മുന്തിരിച്ചാറുപോലെ അവനെവന്നു തൊട്ടവളാണ് അബീശഗീൻ. അവൾക്കു വേണ്ടി രാജാധികാരം ത്യജിക്കാനും തയ്യാറായിരുന്നു ശാലോമോൻ. എന്നാൽ

രാജനൈതികമായ കാര്യങ്ങൾ നിർദ്ധാരണം ചെയ്തപ്പോൾ അവൾക്കു വേണ്ടി നെയ്തെടുത്ത സ്വപ്നങ്ങളെല്ലാം സാക്ഷാത്ക്കരിക്കാതെ പോയി. ശാലോമോന്റെ ജീവിതം അനേകം ഭാര്യമാരിലൂടെയും വെപ്പാട്ടിമാരിലൂടെയും കടന്നു പോയപ്പോൾ അബീശഗീനിലൂടെ മാത്രം പ്രണയത്തിന്റെ മാസ്മരികാനുഭൂതി അതീത അനുഭവമായി നിലകൊണ്ടു. മനസ്സ് അവളിൽ സമർപ്പിച്ചിരിക്കേ പിന്നെ എങ്ങനെയാണ് മറ്റുള്ള സ്ത്രീകളുമായി മനസ്സുകൊണ്ട് ശയിക്കുക എന്ന മനസ്സാക്ഷിക്കു മുന്നിൽ സ്തബ്ദനായി നില്ക്കേണ്ടിവന്നു. അതുകൊണ്ടാണ് വാർദ്ധക്യത്തിൽ വീണുപോയപ്പോഴും മുപ്പതുസംവത്സരങ്ങൾക്കപ്പുറത്തുനിന്ന് അബീശഗീന്റെ ഓർമ്മകൾ രാജാവിനെ വേട്ടയാടിയതും തന്നെ ഹ്യദയത്തിലേറ്റി സൂക്ഷിക്കുവാൻ ഒരേഒരാൾ മാത്രമെ ലോകത്തിലുള്ളുവെന്ന് അദ്ദേഹം ഉറച്ചുവിശ്വസിക്കുന്നത്. വിശുദ്ധപ്രണയത്തിന്റെ മുഴക്കത്തിൽ ഈ കൃതി ഉദാത്തമായ വായനാനുഭവമാക്കിമാറ്റുകയാണ് ബെന്യാമിൻ

## അദ്ധ്യായം 3

## വർത്തമാനകാല പ്രസക്തി ബെന്യാമിൻ നോവലുകളിൽ

പുതിയ എഴുത്തുകാരുടെ അനിവാര്യത പുതിയ കഥാലോകം തീക്ഷണമായി ആഗ്രഹിക്കുന്നു. അതിന്റെ ചുവടുപിടിച്ച് കടന്നു വന്ന ഒരു പുതിയ സാഹിത്യലോകമാണ് പ്രവാസ സാഹിത്യപ്രസ്ഥാനം. ഉത്തരാധുനികതയുടെ സംഭാവനയായിട്ടെ ഇതിനെ വിലയിരുത്തുവാൻ സാധിക്കുകയുള്ളു. പ്രവാസത്തിന്റെ ഗൃഹാതുരതയെ വികാരതീവ്രമായി ആവിഷ്ക്കരിക്കുവാൻ ബെന്യാമിന് ആടുജീവിതത്തിലൂടെ സാധിച്ചു.

വ്യത്യസ്തവും ചലനാതമകവുമായ മാനവിക ദർശനങ്ങൾ ലോകത്തിലെങ്ങും ഉണ്ടായിട്ടുണ്ടെങ്കിലും പ്രസ്തുത ദർശനങ്ങളെ ജീവിതോപയോഗികളാക്കി മാറ്റുന്നതിൽ മനുഷ്യൻ പരാജയപ്പെട്ടതായി നമ്മുടെ വർത്തമാനകാലനുഭവം നമുക്ക് കാണിച്ചു തരുന്നു. ദർശനങ്ങളുടെ കാവലാളന്മാരാകേണ്ടുന്ന മനുഷ്യർ അവ മുന്നോട്ട് വയ്ക്കുന്ന മൂല്ല്യങ്ങളിൽ നിന്ന് മാറി സഞ്ചരിക്കുകയും ക്ഷണികമായ ആസക്തികളുടെ ഉടമയായി മാറുകയും ചെയ്യുമ്പോൾ ജീവിതത്തിൽ നഷ്ടമാകുന്നത് മാനവികബോധമാണ്. മാനവികതയെ നിലനിർത്തുന്നതിൽ വ്യക്തിയും സമൂഹവും അധികാര വ്യവസ്ഥയും പുലർത്തിയിരുന്ന സഹിഷ്ണുത പുതിയ കാലത്ത് ഇല്ലാതാകുന്നു. ശാസ്ത്രവിചാരത്തിന്റെ നേട്ടമായ യുക്തിയെ വികലമായി ഉപയോഗിക്കുകയും മൂല്ല്യവികാസത്തിന്റെ വക്താക്കളായി സ്വയം അവരോധിക്കുകയും ചെയ്യുന്നു വർത്തമാനകാല മനുഷ്യൻ. ഇതു കൊണ്ടാണ് വർത്തമാന കാലത്തെ മാനവികതയുടെ മരണം ഏറ്റുവാങ്ങിയ കാലമെന്ന് വിശേഷിപ്പിക്കുന്നത്. . ആഖ്യാന ശൈലി കൊണ്ടും ഭാഷ കൊണ്ടും മറ്റു നോവലുകളിൽ നിന്നും വേറിട്ടു നിൽക്കുന്ന ബെന്യാമിന്റെ ആടുജീവിതത്തിൽ അധീശത്വത്തിന്റെ അടയാളങ്ങൾ നല്ല

രീതിയിൽ പ്രതിധ്വനിക്കുന്നുണ്ട്. വ്യക്തികൾ തമ്മിലുള്ള അധീശത്വമാണിത്. നജീബിന്റെ വൈക്തികാനുഭവമാണ് നോവലിൽ ഉടനീളം കാണുന്നത്. നജീബിനു മേൽ അധികാരം കല്പിക്കുകയാണ് അർബാബ്. മസറയിലെ ദുരിതങ്ങളും യാതനകളും അധികാരത്തിന്റെ കാഠിന്യവും നജീബിനെ വല്ലാതെ പീഠനത്തിനിരയാക്കിയിരുന്നു. അവിടെ നിന്നു രക്ഷപ്പെട്ടു പോകുന്നുണ്ടെങ്കിലും മരുഭൂമിയിൽ മരുപ്പച്ച തേടിയുള്ള യാത്രയിൽ ഇതിലും ഭേദം ആ മസറ തന്നെയാണ് എന്ന് തോന്നി പോകുന്നു. ഈ നോവലിൽ നജീബ് എന്ന വ്യക്തിയിൽ അധികാരത്തിന്റെ സ്വരത്തിൽ ആധിപത്യം സ്ഥാപിച്ചെടുക്കുകയാണ് ബെന്യാമിൻ

മാനവികതയുടെ മരണം ഉദ്ഘോഷിക്കുന്ന ഈ നിസ്സഹായതാബോധത്തിന്റെ അടയാളമാണ് ബെന്യാമിന്റെ ആടുജീവിതം. അധികാരവും ജീവിതവും തമ്മിലുള്ള ഏറ്റുമുട്ടലിൽ അധികാരത്തിന്റെ കുടിലതകൾ വിജയിക്കുകയും വ്യക്തി പരാജയപ്പെടുകയും ചെയ്യുന്നു. സമകാലിക അറബ് ജീവിതത്തിന്റെ യാഥാർത്ഥ്യങ്ങൾ തുറന്ന് കാണിക്കാനുള്ള ശ്രമമാണ് നോവലിസ്റ്റ് ഇവിടെ നടത്തുന്നത്. വർത്തമാനകാല കേരളീയ സാമൂഹിക ജീവിതത്തിൽ പ്രവാസ ജീവിതം ചെലുത്തുന്ന സ്വാധീനം വളരെവലുതാണ്.

ആടുജീവിതം എന്ന ശീർഷകം തന്നെ വായനക്കാരനെ പല അർത്ഥതലങ്ങളിലേക്ക് നിഷ്- പ്രയാസമെത്തിച്ചു. വായനക്കാരനെ ആടാക്കി മാറ്റുകയാണോ, ആടുകളുടെ ജീവിതമാണോ അതോ ആടുകളുടേതു പോലയുള്ള ജീവിതമാണോ എന്നൊക്കെയുള്ള ജിജ്ഞാസ വായനക്കാരിൽ ഈ ശീർഷകം ഉണർത്തുന്നു.

വർത്തമാനകാലം സ്വീകരിച്ച സാന്ദ്രമായ എഴുത്തും സ്നേഹത്തിന്റെ തുടിപ്പുകളെ സ്വപ്നം കാണുന്ന കഥാപാത്രങ്ങളും പ്രവാസജീവിതങ്ങളിൽപ്പെട്ടുഴലുന്ന മനുഷ്യജന്മങ്ങളുമാണ് ബെന്യാമിൻ നോവലുകളെ ആകർഷകമാക്കിയത്. താൻ എത്തിപ്പെട്ട ദുരിതത്തോട് അവർ ഓരോരുത്തരും യോജിച്ചു പോവുകയാണ്. അതല്ലാതെ ജീവൻ നിലനിർത്താൻ മറ്റൊരു വഴി അവർക്കു മുമ്പിലില്ല. അവരെ വിധിയെന്ന വേട്ട മൃഗം വേട്ടയാടിക്കൊണ്ടിരിക്കുകയാണ്. നിസ്സഹായരായ പ്രവാസികളുടെ ചിത്രങ്ങളാണ് ബെന്യാമിൻ വരച്ചു കാണിക്കുന്നത്.

വ്യക്തികളുടെ അസ്വസ്ഥവും അശാന്തവുമായ ജീവിതത്തിലേക്ക് ശ്രദ്ധക്ഷണിച്ചു കൊണ്ടുള്ള നോവലുകളാണ് അദ്ദേഹത്തിന്റെത്. ഓരോ വായനയിലും വിഭിന്നധ്വനിയിലേക്ക് സംക്രമിക്കുന്ന നോവലുകളാണ്

ബെന്യാമിന്റേത്. പ്രവാസിയുടെ ഏകാന്തത ഒരർത്ഥത്തിൽ ബാഹ്യസമ്മർദ്ധത്താൽ ഉണ്ടാകുന്നതല്ല. എന്നാൽ ബാഹ്യലോകത്തിന്റെ ഇടപെടൽ അതിനെ രൂപപ്പെടുത്തുന്നതിൽ ഗണ്യമായ സ്വാധീനം ചെലുത്തുന്നുണ്ട്.. അറബ് നഗരത്തിലെ ജീവിതം പ്രതാപനെ സംബന്ധിച്ചിടത്തോളം രഹസ്യം രഹസ്യമായി അവശേഷിപ്പിച്ചു കൊണ്ടുള്ളതായിരുന്നു. തന്റെ മുന്നിൽ കടന്നു വന്ന ഓരോ വ്യക്തിത്വവും മാന്യതയുടെ മൂടുപടം ധരിച്ചവരായിരുന്നു. തന്റെ അടുത്ത സുഹൃത്തായ റിയാസിനെക്കുറിച്ചുള്ള വാർത്തകൾ കേട്ടത് ലോകത്തെമ്പാടും മനുഷ്യബോംബുകളെ എത്തിച്ചു കൊടുക്കുന്ന സംഘത്തിൽപ്പെട്ട ഏഷ്യൻ വംശജനായ കൊടുംഭീകരൻ നഗരത്തിൽ അറസ്റ്റിലായി. നഗരത്തിൽ വിവിധ ഇടങ്ങളിൽ സ്ഫോടനം നടത്താനായി മനുഷ്യബോംബുകളെ എത്തിക്കുന്നതുമായി ബന്ധപ്പെട്ട് രാജ്യത്തെ വിധ്വംസകശക്തികളുമായി ചർച്ച നടത്തി മടങ്ങാൻ ശ്രമിക്കുമ്പോൾ എയർപോർട്ടിൽ നിന്നാണ് കഴിഞ്ഞ ദിവസം ഇയാൾ പിടിയിലായത്. കഴിഞ്ഞ മാസം നഗരത്തിലെ അഞ്ചിടങ്ങളിൽ നടന്ന ബോംബു സ്ഫോടനങ്ങൾക്കു പിന്നിലും ഇയാൾ ഉണ്ടായിരുന്നതായി സംശയിക്കുന്നു. ഇറാനിലെ രഹസ്യസംഘടനകളായ

കാഡിന്റെയും ആർമി ഓഫ് ഇമാമിന്റെയും സിറിയയിൽ നിന്ന് ഹിസ്ബുള്ളയുടെയും പരിശീലനം സിദ്ധിച്ചിട്ടുണ്ടെന്ന് ചോദ്യം ചെയ്യലിൽ ഭീകരൻ സമ്മതിച്ചിട്ടുണ്ട്.. വിവിധ സാമ്രാജ്യങ്ങളിൽ നിന്നാണ് ആവശ്യാനുസരണമുള്ള മനുഷ്യബോംബുകളെ ഇയാൾ എത്തിച്ചു കൊടുക്കുന്നത്. മൂന്ന് സിം കാർഡുകൾ, രണ്ട് ലാപ് ടോപ്, നിരവധി ലഘുലേഖകൾ, വിദേശ നാണയങ്ങൾ, ട്രാവൽ ചെക്കുകൾ എന്നിവ ഇയാളിൽ നിന്നും പിടിച്ചെടുത്തിട്ടുണ്ട്". ലോകം മുഴുവൻ പരന്നു കിടക്കുന്ന തീവ്രവാദ സംഘടനയിലെ ഒരു കണ്ണി മാത്രമാണ് ഇയാൾ എന്ന് സങ്കല്പിക്കാൻ കഴിയും. പുറമെ നിന്നുള്ള കാഴ്ചചയിൽ പണത്തിന്റെ ധാരാളിത്തത്തിൽ സുഖലോലുപതയിൽ നിറഞ്ഞുനിൽക്കുന്ന ജീവിതമാണ് അറബികളുടേത്. എന്നാൽ യഥാർത്ഥത്തിൽ അവർക്കിടയിലുള്ള സംഘർഷങ്ങൾ തിരിച്ചറിയാൻ സമയമെടുക്കേണ്ടിവരുന്നു. ഒരു ജനത പല വിഭാഗങ്ങളായി തിരിഞ്ഞ് പരസ്പരം കൊല്ലുന്ന കാഴ്ച്ചയാണ് നാം ഇന്ന് കാണുന്നത്. ഇപ്പോഴും ഇതിന്റെ ബാക്കി ഇറാക്കിലും മറ്റും തുടർന്ന് കൊണ്ടിരിക്കുകയാണ്. മുല്ലപ്പൂവിപ്ലവ കാലത്ത് നടമാടിയ കലാപങ്ങൾക്കുള്ള കാരണം എന്താണെന്നുള്ള അന്വേഷണമാണ് അൽ അറേബ്യൻ

ഫാക്ടറി, മുല്ലപ്പൂ നിറമുള്ള പകലുകൾ എന്നീ നോവലുകളിൽ കാണാൻ കഴിയുന്നത്.

അറേബ്യൻ പ്രവാസത്തിന്റെ വിഭിന്ന മുഖങ്ങൾ എടുത്തു കാണിക്കാൻ ശ്രമിക്കുമ്പോൾ പ്രവാസ ജീവിതത്തിന്റെ ക്രൂരാനുഭവങ്ങളും, ഇന്നു ഏറെക്കുറെ അതിൽ കടന്നു വന്ന പരിവർത്തനങ്ങളും, സൈബർ ആധിപത്യം മനുഷ്യജീവിതത്തിന്റെ എല്ലാ സാധ്യതകളെയും സമർത്ഥമായി വിപുലീകരിക്കാൻ കഴിഞ്ഞതും കഥയുടെ കേന്ദ്രബിന്ദുവായി മാറ്റാൻ സാധിച്ചു. മുല്ലപ്പൂനിറമുള്ള പകലുകൾ എന്ന നോവലിലെ സമീറയുടെ ബാബ വർഷങ്ങളോളം പ്രവാസി എന്ന പേരിൽ അനുഭവിച്ച ദുരന്തം, കൂടാതെ ഒറ്റപ്പെടലിന്റെ ഭയാനകത  എന്നിവ ബെന്യാമിൻ വളരെ ഉദാത്തമായി അവതരിപ്പിച്ചിട്ടുണ്ട്. യഥാർത്ഥ യുദ്ധം നടക്കുന്നത് രാജ്യങ്ങൾ തമ്മിലോ സൈന്യങ്ങൾ തമ്മിലോ അല്ല. യുദ്ധമേഘലങ്ങൾക്കിടയിൽ ജീവിക്കേണ്ടി വരുന്ന നിരപരാധികളും നിസ്സഹായരുമായ മനുഷ്യരുടെ മനസ്സിലാണ്. അതിന് ഉത്തമ ദൃഷ്ടാന്തമാണ് ബെന്യാമിന്റെ “ മുല്ലപ്പൂനിറമുള്ള പകലുകൾ”. ഒരു നഗരം കലാപത്തിലേക്കും സംഘർഷത്തിലേക്കും നീങ്ങുമ്പോൾ അവിടുത്തെ ഭരണാധിപൻ നൃത്തം ചെയ്ത് രസിക്കുന്നു. ഒരു ദേശത്തിലെ ജനതയെയും

അവന്റെ ആത്മസംഘർഷങ്ങളേയും കൊഞ്ഞനം കുത്തുകയാണ് ഇവിടെ. നഗരം കത്തുമ്പോൾ വീണ വായിക്കുന്ന മെജസ്റ്റിമാർ, എല്ലാക്കാലത്തും കാണാൻ കഴിയും. ചരിത്രത്തിന്റെ സ്മരണകളും നോവലിസ്റ്റ് സൂക്ഷ്മമായി അടയാളപ്പെടുത്തിയിട്ടുണ്ട്. നമ്മുടെ സമൂഹം എത്തി നിൽക്കുന്ന അവസ്ഥ യാഥാർത്ഥ്യ ബോധത്തോടെ അവതരിപ്പിക്കാനാണ് ബെന്യാമിൻ ശ്രമിക്കുന്നത്.

സൈബർ സ്പേസിന്റെ സ്വാധീനം ശക്തമായി കടന്നു വരുന്ന നോവലാണ് മഞ്ഞവെയിൽ മരണങ്ങൾ. ഇ-മെയിലുകളുടെ സമാഹാരമെന്ന രീതിയിൽപ്പോലും കഥ വ്യഥിചലിക്കുന്നതായി കാണാം. നിബുവിന്റെ വാക്കിലൂടെ ഏതൊരു പ്രവാസിയും ആഗ്രഹിക്കുന്ന കുടിയേറ്റക്കാരുടെ അനുഭവങ്ങൾ പങ്കുവെയ്ക്കുന്ന വേദിയായി പ്രവാസി ലോകപോർട്ടൽ മാറണമെന്ന് സ്വന്തം ഓർക്ക്യൂട്ടിന്റെ സ്റ്റാറ്റസിലൂടെ പുറം ലോകത്തിന്റെ മുന്നിൽ തുറന്നു പറഞ്ഞപ്പോൾ വർഷങ്ങളായി ഏതൊരു പ്രവാസിയും കണ്ട സ്വപ്നത്തിന്റെ പൂർത്തീകരണം കൂടിയായിരുന്നു അതു. ഡീഗോയിലെ വെടിവെപ്പിൽ മരിച്ച സെന്തിലിന്റെ മരണത്തെ അന്വേഷിക്കുന്ന വേളയിൽ കണ്ടെത്തുന്ന യു.എസ്സ്.ബി യിൽ നിന്ന് ലഭിക്കുന്ന വിവരത്തിൽ നിന്ന് കഥാകൃത്ത്

ചെന്നുനില്ല്ക്കുന്നത് നിർണ്ണായക അറിവിലേക്കായിരുന്നു. ഭീകര പ്രവർത്തനങ്ങൾക്കുമാത്രം ഉപയോഗിക്കുന്ന അശ്ലീല സൈറ്റുകൾ, അതിന്റെ മറവിൽ ഉദിച്ചു വരുന്ന യുവമസ്തിഷ്ക്കങ്ങൾ. ഇങ്ങനെ നമ്മുടെ നാടിന്റെ വർത്തമാനകാലാവസ്ഥ ഈ നോവലിനെ കൂടുതൽ ആഴമുള്ളതാക്കുന്നു. അസഹിഷ്ണുതയുടെയും വേർതിരിവുകളുടെയും പുതിയ വാർത്തകൾ നാം ഓരോ ദിവസവും വായിക്കുന്നു. വർത്തമാനകാലത്തെ കീഴടക്കി കളഞ്ഞ നിശ്ശബ്ദത .നോവലിന്റെ ശില്പഭദ്രതയേ ഒട്ടേറെ സംഘർഷഭരിതമാക്കി മാറ്റി.

സ്വാതന്ത്ര്യത്തിലേക്ക് കുതിക്കുന്ന സ്ത്രീയുടെ ദൃഢനിശ്ചയത്തിന്റെയും സ്വപ്നത്തിന്റെയും പ്രതീകമായിരുന്നു അകാലമരണത്തിനിരയായി മാറേണ്ടി വന്ന മെൽവിൻ. ദുരിതവും സ്വപ്നവും സ്ത്രീയുടെ ആന്തരികയാഥാർത്ഥ്യത്തിന്റെ രണ്ടു വശങ്ങളാണ്. ഇവയുടെ സംഘർഷം വളരെ അനുഭവിക്കേണ്ടി വന്ന പെൺകുട്ടിയായിരുന്നു മെൽവിൻ . മെൽവിന്റെ മൃതദ്ദേഹം കാണാൻ ഉദയം പേരിലുള്ള വല്ല്യേടത്ത് തറവാട്ടിൽ ചെല്ലുന്ന കഥാകൃത്ത് തൈക്കാട്ടമ്മയുമായി ബന്ധപ്പെട്ട് അവിടെ നടക്കുന്ന വെച്ചുസേവ മുതലായ ആചാരങ്ങൾ കണ്ട്

ആകാംക്ഷഭരിതനാകുന്നു. വല്ല്യേടത്തു തറവാട്ടിലെ അന്ധവിശ്വാസങ്ങളിൽ നിന്നും ദുരാചാരങ്ങളിൽ നിന്നും രക്ഷപെടുവാൻ തീരുമാനിച്ച മെൽ വിന്റെ മരണത്തിൽ ദുരൂഹതയുണ്ടെന്ന് അനുവാചകരിൽ ഒരു തോന്നലുളവാകുന്നു.

മനുഷ്യബന്ധങ്ങളാണ് നല്ല കഥയുടെ അടിസ്ഥാനം എന്ന് ഓർമ്മപ്പെടുത്തുന്ന നോവലാണ് ബൈബിൾ കഥയുടെ പശ്ചാത്തലത്തിൽ പുനർ വ്യാഖ്യാനം നടത്തിയ അബീശഗിൻ. സമ്പ്രദായിക സങ്കല്പങ്ങളെ സൌമ്യമായി തിരുത്തുന്ന കഥകൂടിയാണിത്. സ്നേഹത്തിനു വേണ്ടിയുള്ള ദാഹം മനുഷ്യരെ കൊണ്ടെത്തിക്കുന്ന പ്രശ്നഭരിതമായ തലങ്ങൾ ബെന്യാമിൻ ഈ നോവലിൽ അനാവരണം ചെയ്യുന്നുണ്ട്. ഒരു സ്ത്രീയോട് ശയിക്കേണ്ടത് ശരീരം കൊണ്ടല്ല മനസ്സുകൊണ്ടാണ് എന്ന വചനം സ്ത്രീ-പുരുഷ ബന്ധത്തിന്റെ പവിത്രതയായിട്ടാണ് കാണുവാൻ കഴിയുന്നത്. രതി, അധികാരം എന്നീ ജീവിതസമസ്യകളെ വേണ്ടവിധം ഇതിൽ ഉദ്ധരിച്ചിരിക്കുന്നതിനാൽ ഈ എഴുത്ത് വായനക്കാർക്ക് അതിവിശിഷ്ടമായി തോന്നാം. ഇതേ സമസ്യകളാണ് ഈ വർത്തമാനകാലത്തിലും ലോകം കീഴടക്കുന്നതും നിലനിർത്തുന്നതും. ഇവിടെ ഉദാത്തമായ പ്രണയത്തെ വരച്ചുകാട്ടുകയും പ്രണയത്തിന്റെ അനശ്വരത

ഓർമ്മിപ്പിക്കുകയുമാണ് അബീശഗിൻ എന്ന നോവലിലൂടെ ആഖ്യാതാവ്.

ചരിത്രത്തിന്റെ സ്മരണകൾ സൂക്ഷ്മമായി ആവിഷ്ക്കരിക്കുന്ന നോവലാണ് അക്കപ്പോരിന്റെ ഇരുപത് നസ്രാണി വർഷങ്ങൾ. ക്രൈസ്തവ സമുദായത്തിലെ സഭാവഴക്കിന്റെ ഫലമായി ഉരുത്തിരിഞ്ഞു വന്ന പുതിയ നിയമത്തിന് ചരിത്രത്തിന്റെ ഏടുകളിൽ സ്ഥാനം പിടിക്കാൻ കഴിഞ്ഞു. നോവലിസ്റ്റ് ഈ സംഭവങ്ങളെ മറ്റൊരു വീക്ഷണകോണിലൂടെ നോക്കി കണ്ടപ്പോൾ ഭൂതകാലം വർത്തമാനകാലത്തെ ചില ഓർമപ്പെടുത്തലുകളിലേക്ക് കൊണ്ടെത്തിക്കുകയായിരുന്നു. സമകാലിക യാഥാർത്ഥ്യങ്ങൾ അക്കപ്പോരിന്റെ ബാക്കിപത്രമായി തുടരുന്ന കാഴ്ചയാണ് ഇന്ന് നാം കാണുന്നത്. മതം, രാഷ്ട്രീയം, ഭരണം ഇവയെല്ലാം ജീവിതത്തിന്റെ ചലനാത്മകതകൾക്ക് അവശ്യംവേണ്ടുന്നവയാണ് എന്ന കാഴ്ചപ്പാടാണ് ഇതിലുടനീളം കാണുന്നത്. നമ്മുടെ സമൂഹം എത്തി നിൽക്കുന്ന അവസ്ഥ യാഥാർത്ഥ്യ ബോധത്തോടെ നോക്കി കാണാനാണ് നോവലിസ്റ്റ് ഇതിലൂടെ ശ്രമിക്കുന്നത്.

മരുഭൂമിയിൽ തീക്ഷണമായ കാറ്റ് ആഞ്ഞു വീശുമ്പോളും, അത് പൊടിക്കാറ്റായും കൊടുങ്കാറ്റായും രൂപാന്തരം പ്രാപിക്കുമ്പോളും, മണൽക്കുനകൾക്ക് ഉയരാനും നിലാവിന് പൊഴിയാനും കഴിയുന്നുണ്ട്. ഈ വിജനതയിലെവിടെയോ ഉയരുന്ന അജ്ഞാതമായ നിലവിളികൾക്ക് കാതോർക്കുകയാണു നാം. ദുഷ്ക്കരമായ . നരകയാതന അനുഭവിക്കുന്ന മനുഷ്യജന്മങ്ങളെക്കുറിച്ചോർത്ത് ഭരണകൂടങ്ങൾക്ക്തെല്ലും മനഃസാക്ഷിയില്ല. ആയിരത്തൊന്നുരാവുകളുടെ കഥകേട്ട മരുഭൂമിക്ക് സഹനജീവിതത്തിന്റെ ദുരന്തങ്ങൾ കേട്ടാലും അതിൽ ഒരുകഥയായി മാത്രം കാണുവാനേ കഴിയുകയുള്ളു കാലത്തെ ആഴത്തിൽ വായിക്കുന്ന നോവലിസ്റ്റിനെയാണ് നമ്മുക്ക് ഇവിടെ കാണാൻ കഴിയുന്നത്.

.

# ഉപസംഹാരം

സമകാലിക അറബ് ജീവിതത്തിന്റെ യാഥാർത്ഥ്യങ്ങൾ തുറന്ന് കാണിക്കാനുള്ള ശ്രമമാണ് നോവലിസ്റ്റ് ഇവിടെ നടത്തുന്നത്. കേരളീയ സാമൂഹിക ജീവിതത്തിൽ പ്രവാസജീവിതം ചെലുത്തുന്ന സ്വാധീനം വളരെ വലുതാണ്. സ്ത്രീ, ലൈംഗീകാരോപണം, അപവാദം, സമൂഹം, ദാമ്പത്യം, സദാചാരം, എന്നിങ്ങനെ സമകാലിക സമൂഹം കയ്യാളുന്ന നിരവധി സംഭവങ്ങൾ ബെന്യാമിൻ നോവലുകളിൽ കാണാൻ കഴിയും. കൂടാതെ ഉത്തരാധുനിക സാഹിത്യത്തിന്റെ ഭാഗമായി സാഹിത്യലോകത്തിൽ പുതിയ അടയാളപ്പെടുത്തലുകൾ സൃഷ്ടിച്ച പ്രവാസ സാഹിത്യത്തിന്റെ ഉദ്വേഗഭരിതമായ നിമിഷങ്ങളും ബെന്യാമിൻ സാഹിത്യത്തെ ശ്രദ്ധേയമാക്കി മാറ്റി.

മനുഷ്യകുലത്തിന്റെ ചരിത്രം സഞ്ചാരത്തിന്റെയും കുടിയേറ്റത്തിന്റെയുമാണ് . ദേശ-രാഷ്ട്രത്തിനും സഞ്ചാരി

സംസ്ക്കാരത്തിനും ഇടയിലാണ് പ്രവാസിയുടെ സ്ഥാനം. കുടിയേറ്റമായാലും, താൽക്കാലിക പ്രവാസമായാലും, സ്ഥിരപ്രവാസമായാലും നൂറ്റാണ്ടുകളോളം അടിമപ്പണി അറബ് രാജ്യങ്ങളിൽ നിലനിന്നിരുന്നു. ഇന്നും അടിമ വ്യവസ്ഥയുടെ അവശിഷ്ടം അറബ് രാഷ്ട്രങ്ങളിൽ നിലനിൽക്കുന്നുണ്ട്. പിന്നീട് അടിമകൾ അറബി സമൂഹത്തിന്റെ ഭാഗമായി പരിണമിക്കുകയും ചെയ്തു. ഈ നൂറ്റാണ്ടിലും അടിമപ്പണി അറബ് രാഷ്ട്രത്തിൽ നിലനിൽക്കുന്നുവെന്ന് നോവലിസ്റ്റ് അവതരിപ്പിച്ചപ്പോൾ മനസ്സിലാക്കാൻ സാധിച്ചത് ഞെട്ടിപ്പിക്കുന്ന സത്യങ്ങളാണ്. പ്രവാസജീവിതം അനുഭവിച്ച ഒരാൾ പ്രവാസത്തെ രേഖപ്പെടുത്തുമ്പോൾ ഒരിക്കലും ആറാത്ത ചൂട് വായനക്കാർക്ക് അനുഭവപ്പെടും . എല്ലാ പ്രവാസികളും ഒടുക്കം തിരിച്ചെത്തുന്ന അത്യന്തം സ്ത്രൈണമായ ഒരിടമുണ്ട്, അത് അമ്മയാവാം, സഹോദരിയാവാം, ഭാര്യയാവാം, കാമുകിയാവാം, മറ്റാരുമാവാം. എത്രയെത്ര മനുഷ്യർ എണ്ണമറ്റ സൌഭാഗ്യങ്ങളുടെ ഈ സമ്പന്നഭൂമിയിൽ ജീവിതമെന്ന വലിയ കടങ്കഥയ്ക്ക് ഉത്തരം തേടിയെത്തുന്നു. പലരും ശൂന്യമായ കയ്യോടെ മടങ്ങി എന്നാൽ നേടിയവരാകട്ടെ നേട്ടങ്ങൾക്ക്

നൽകിയത് സ്വന്തം ജീവിതം തന്നെ. എന്നിട്ടും പ്രവാസലോകത്തിലേക്കുള്ള യാത്ര തുടർന്നുകൊണ്ടിരിക്കുന്നു.

ഒരർത്ഥത്തിൽ ജീവിതത്തിലേക്കുള്ള ഒളിഞ്ഞു നോട്ടമാണ് നോവൽ. പക്ഷേ ഇത്തരം സാഹചര്യത്തിലും സത്യസന്ധതയുടെ അംശം കലർന്നിട്ടുണ്ടെന്ന് കണ്ടെത്താനാവും അത് സുതാര്യവും താരതമ്യമില്ലാത്തതുമാണ്. തനിക്ക് അനുഭവവേദ്യമായ സാമൂഹ്യജീവിതത്തിന്റെ നഗ്നയാഥാർത്ഥ്യങ്ങൾ അടുക്കും ചിട്ടയോടും കൂടി അവതരിപ്പിക്കുകയാണ് ബെന്യാമിൻ ചെയ്തിരിക്കുന്നത്. അവന്റെ ഉള്ളിലേയ്ക്കുള്ള നോട്ടം എപ്പോഴും അസ്വസ്ഥതകളും അലോസരങ്ങളും മാത്രമാണ് സമ്മാനിക്കുന്നത്. അത്തരം ചിന്തകളും രീതിശാസ്ത്രങ്ങളും അകറ്റുന്നതിനാണ് അവനെപ്പോഴും തനിക്കു ചുറ്റും നടക്കുന്ന സംഭവങ്ങളിലേക്ക് കണ്ണും മനസ്സും പായിക്കുന്നത്. ഇത്തരം കണ്ടെത്തലുകളിൽ നിന്നാണ് ആത്മനിഷ്ഠമായ എഴുത്തും വസ്തുനിഷ്ഠമായ എഴുത്തും രൂപപ്പെടുത്തുന്നത് . പ്രവാസമൊരു എഴുത്തായി രൂപാന്തരപ്പെടുമ്പോൾ അത് വായനക്കാരുടെ മുന്നിലേക്കിടുന്ന ഒരു സമസ്യയാണ്. വായനക്കാർക്ക് അതൊരു പ്രവാസിയുടെ വിഹ്വലതകളായോ അവന്റെ നേട്ടങ്ങളായോ , പൂർത്തിയാകാത്ത ലക്ഷ്യങ്ങളായോ

അവന്റെ ഒന്നുമാകത്തതിന്റെ രോദനമായോ അനുഭവപ്പെടാവുന്നതാണ്. മനുഷ്യൻ തന്റെ ജീവിത പന്ഥാവിലെ യാത്രയിൽ ഒരു തവണയെങ്കിലും പ്രവാസം എന്ന അനുഭവത്തിലൂടെ കടന്നുപോകാറുണ്ട്. പുരാണങ്ങളോ ഇതിഹാസങ്ങളോപോലും ഇതിൽ നിന്നും ഒട്ടും വിഭിന്നങ്ങൾ അല്ല.

അറബ് ജനതയുടെ വിശ്വാസവും കാഴ്ച്ചപ്പാടും നവമാദ്ധ്യമങ്ങളുടെ കടന്നുവരവിലൂടെ ഉണ്ടാക്കിയ മാറ്റങ്ങൾ, വർത്തമാനകാല ജീവിതത്തിൽ നേരിടേണ്ടിവരുന്ന വെല്ലുവിളികൾ, പ്രവാസജീവിതം നേരിടേണ്ടി വരുന്ന ദുരിതങ്ങളും, കാലം മാറ്റങ്ങൾക്ക് വിധേയമാകേണ്ടി വരുമ്പോഴും എന്തിനോ വേണ്ടി മുറുകെ പിടിക്കുന്ന വിശ്വാസങ്ങളും, ഉയർച്ചയുടെ പടവുകളിൽ നിൽക്കുമ്പോഴും മനസ്സിനെ കീഴടക്കുന്ന വിധ്വംസക പ്രവർത്തനങ്ങളും , അതിനെ സംരക്ഷിക്കാൻ കൂട്ടു നിൽക്കുന്ന അന്ധവിശ്വാസങ്ങളും .ഇങ്ങനെ കാലത്തിന്റെ ഉത്തരം കിട്ടാത്ത ചോദ്യങ്ങൾക്ക് അന്വേഷണം നടത്തുകയാണ് ബെന്യാമിൻ

## ഗ്രന്ഥസൂചി

1. അച്യുതൻ എം..നോവൽപ്രശ്നങ്ങളും പഠനങ്ങളും, കോട്ടയം, എസ്. പി. സി.എസ്. 1983,
2. അപ്പൻ .കെ.പി. കഥ, ആഖ്യാനവും അനുഭവസത്തയും, കോട്ടയം, ഡി.സി. ബുക്സ്. 1999
3. ബെന്യാമിൻ, അൽ - അറേബ്യൻ നോവൽ ഫാക്ടറി ,
കോട്ടയം, ഡി.സി. ബുക്സ്. 2014
4. ബെന്യാമിൻ, ആടുജീവിതം, കോട്ടയം , ഡി.സി. ബുക്സ്. 2006
5. ബെന്യാമിൻ ,അബീശഗീൻ, കോട്ടയം , ഡി.സി. ബുക്സ്. 2006
6. ബെന്യാമിൻ , അക്കപ്പോരിന്റെ ഇരുപത് നസ്രാണി വർഷങ്ങൾ ,
കോട്ടയം , ഡി.സി. ബുക്സ്. 2008
7. ബെന്യാമിൻ, മഞ്ഞവെയിൽ മരണങ്ങൾ, ,

കോട്ടയം , ഡി.സി. ബുക്സ്. 2008

8. ദിനേശൻ ഇ.കെ. പ്രവാസജീവിതം–ഒലിവ്, കോഴിക്കോട് 2013

9. കക്കട്ടിൽ അക്ബർ,സർഗ്ഗസമീക്ഷ,ഡി.സിബുക്സ്, കോട്ടയം

10 ബെന്യാമിൻ, മുല്ലപ്പനിറമുള്ള പകലുകൾ , കോട്ടയം , ഡി.സി. ബുക്സ്.

11 ഭരദ്വാജ്ബാബു, പ്രവാസിയുടെ കുറിപ്പുകൾ,

മാതൃഭൂമി,ബുക്സ്കോഴിക്കോട് 2013

12 ശോഭ.വി ഡോ. വീടുമാറുന്നവർ- അറേബ്യൻപ്രവാസസാഹിത്യം,

ഗ്രീൻബുക്സ്, തൃശ്ശൂർ 2014

13 ബെന്യാമിൻ, ഗ്രീൻ സോണിനു വെളിയിൽ നിന്ന് എഴുതുമ്പോൾ,

മാതൃഭൂമി ബുക്സ്, കോഴിക്കോട് 2015

14 ഭരദ്വാജ്ബാബു, പ്രവാസത്തിന്റെ മുറിവുകൾ

മാതൃഭൂമി ബുക്സ്, കോഴിക്കോട് 2012

15 മുരളീധരൻ നെല്ലിക്കൽ, വിശ്വസാഹിത്യ ദർശനങ്ങൾ,

ഡി.സി. ബുക്സ്. കോട്ടയം 2018

16 ഇരുമ്പയം ജോർജ്ജ് ഡോ. ആദ്യകാല മലയാള നോവൽ,

എൻ.ബി.എസ്സ്. കോട്ടയം 1982 .

17 ജേക്കബ് ഷാജി ഡോ. ആധുനികാനന്തര മലയാള നോവൽ, വിപണി,

കല, പ്രത്യേയശാസ്ത്രം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് , തിരുവന്തപുരം.

18 പ്രകാശ് ബാബു പി.വി.ഡോ. പ്രവാസവും നോവലും ,

ലിപി പബ്ലിക്കേഷൻസ് , കോഴിക്കോട് 2013 .

19 ബെന്യാമിൻ, ശിഹാബുദ്ദീൻ പൊയ്ത്തുംകടവ്,വി. മുസഫർ അഹമ്മദ്,

ദൂരം വിളിക്കുമ്പോൾ - പ്രവാസജീവിതത്തെക്കുറിച്ചുള്ള സംവാദം, ഗ്രീൻബുക്സ്, തൃശ്ശൂർ 2017

20 Jayaram N, The Indian Diaspora Dynamics of Migration, Saga publications 2004